KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 6 June 2024 ₹:10/-



ക്നാനായ സമുദായത്തിന്റെ പ്രഥമ മേലദ്ധ്യക്ഷൻ

**പുണ്യശ്ലോകനായ ഗീവറുഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്താ**

# 1 –ാം ചരമവാർഷികം

24 – 06 – 2024



# THOMAS V ABRAHAM

**(Excel Sabu)**

**Valanjanthuruthil, Ranni**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

# ക്നാനായ ദീപം

2024 ജൂൺ പുസ്തകം 35 ലക്കം 6

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

അത്യാഗ്രഹം ആപത്ത് 09
റ്റി.സി. തോമസ് തോപ്പിൽ

വിദ്യാഭ്യാസം : നമ്മുടെ കുട്ടികളെ... 15
സുനിൽ ഡി. കുരുവിള

ലഹരിയുടെ സ്വാധീനം 16
അമ്മാൾ രാജൻ

അവിടുന്ന് എന്റെ പ്രാണനെ..... 18
സി.ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ

അവസരങ്ങൾ അതുല്യമാണ്... 19
ജിജി ഏബ്രഹാം കറുകേലിൽ

രക്തബന്ധത്തിന്റെ മഹിമ 20
എഞ്ചി. ടി. എം. തോമസ് കൊച്ചുപുരയ്ക്കൽ

ഏവൻഗേലിയോൻ ദീപം 21
റോയി മാത്യു കോർ–എപ്പിസ്കോപ്പാ മുളമൂട്ടിൽ

പെന്തിക്കുസ്താ 23
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

ഓണേഴ്സ് ബിരുദം 24
ഡോ. രോണി ജയിൻ രാജു

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

39 Yoga- A tool for your wellbeing
Yadhu Tony Elappunkal

41 ക്നാനായ അസ്സോസിയേഷൻ തീരുമാനങ്ങൾ
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

44 കാൽപ്പാടുകൾ - എബി

45 മല്പാനോട് ചോദിക്കാം

46 മാട്രിമോണിയൽ


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയ ദീപം വായനക്കാർക്ക് ക്രിസ്തുവിന്റെ നാമത്തിലുള്ള സ്നേഹ വന്ദനം.

ശാസ്ത്രരംഗവും, രാഷ്ട്രീയവും, ആത്മീയതയും, ഔദ്യോഗിക മേഖലകളും കച്ചവട രംഗവും സാമൂഹ്യ ജീവിതവും അനീതിയും ദുഷ്ടതയുംകൊണ്ട് നിറഞ്ഞിരിക്കുകയാണ്. പണത്തിനും കാര്യസാധ്യത്തിനുംവേണ്ടി ഏത് ദുഷിച്ച മാർഗ്ഗവും അവലംബിക്കാനും മനുഷ്യർക്ക് ഇന്ന് ഒരു മടിയുമില്ല. അതിൽ മുൻപന്തിയിൽ ഇന്ന് ആത്മീയ നേതൃത്വം ഉണ്ടെന്നറിയുമ്പോൾ എത്ര പരിതാപകരമാണ്. ഇത് ഒരു മൂല്യത്തകർച്ചയാണ്. മനുഷ്യനിലെ ദുഷിച്ച പ്രവണതകൾ മാറ്റി മാനസാന്തരപ്പെട്ട് നീതിയും സത്യവും നില നില്ക്കുന്ന സമൂഹം ഉണ്ടാകണം. ഏത് മാർഗ്ഗത്തിലൂടെയും പലതും നേടാനുള്ള മനുഷ്യന്റെ പ്രവണത പിശാചിനെ വന്ദിക്കലാണ്. യേശുവിനോട് പിശാച് പറഞ്ഞത് സകല മഹത്വവും അധികാരവും എന്നെ ഏല്പിച്ചിരിക്കുകയാണ്. എല്ലാവരും എന്നെ വണങ്ങണം, അനുസരിക്കണം യേശു അതിനെ പുശ്ചിച്ചു തള്ളി. ന്യായമായതു മതിയെന്നുവെക്കാനും, അത്യാഗ്രഹമില്ലാതെ ആരെയും ദ്രോഹിക്കാതെയും, പള്ളിക്കാരെയും ദു:ഖിപ്പിക്കാതെയും ജീവിക്കാനാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവം നമുക്ക് തന്ന ആയുസ്സും ആരോഗ്യവും, വ്യക്തിപ്രഭാവവും രക്ഷാനുഭവസ്ഥാനങ്ങളും, മാനങ്ങളും, പദവികളും മറ്റുള്ളവർക്ക് പ്രയോജനവും സഹായവും മാതൃകയും ദൈവനാമത്തിന് മഹത്വവുമാക്കി തീർക്കുന്നതാണ് ജീവിത സായൂജ്യം. എല്ലാം തനിക്കു മാത്രം കിട്ടണമെന്നു അത്യാഗ്രവും അത്യാർത്തിയും കാണിക്കുന്നത് ഒരു ക്രൈസ്തവന് ഭൂഷണമല്ല. ദൈവജനത്തിന്റെ ഐക്യം നഷ്ടപ്പെടുത്തുവാൻ കക്ഷി തിരിഞ്ഞ് പ്രവർത്തിക്കുന്നത് പിശാചിനെ വന്ദിക്കുന്നതിന് തുല്യമാണ്. യഥാർത്ഥ ക്രൈസ്തവ ദർശനം ഉൾക്കൊണ്ട് പരസ്പരം വിശ്വാസത്തിലും സ്നേഹത്തിലും സഹകരണത്തിലും ഏക സഹോദരങ്ങളായി എക്കാലവും കഴിയേണ്ടവരായ സഭാമക്കൾ കലഹത്തിലും വ്യവഹാരത്തിലും ഭിന്നതയിലും പെട്ടുപോകുന്നത് പിശാചിന്റെ അടിമയായതുകൊണ്ടാണ്. പരിശുദ്ധ പിതാക്കന്മാർ നമ്മളെ ഭരമേല്പിച്ച് സത്യവിശ്വാസത്തിൽനിന്നും അണുവിട വ്യതിചലിക്കാതെ സഭയുടെ സുസ്ഥിരമായ സമാധാനത്തിനു വേണ്ടി പ്രവർത്തിക്കണം അല്ലെങ്കിൽ ആത്മീയതയുടെ അർത്ഥവും ശക്തിയും സാക്ഷ്യവും നഷ്ടമാകും. ഐകമത്യം മഹാബലം എന്ന ആപ്തവാക്യം നമുക്കെല്ലാവർക്കും പരിചിതമാണ്. വിശ്വാസികൾ തമ്മിലുള്ള മാനസ്സിക പൊരുത്തക്കേടുകൾ പരിഹരിക്കാതെ നിർവ്വഹിക്കുന്ന ആത്മീയ കാര്യങ്ങളിൽ ദൈവം പ്രസാദിക്കുകയില്ലെന്ന് യേശുകർത്താവ് പഠിപ്പിച്ചിട്ടുണ്ട്. നിന്റെ സഹോദരന് നിന്നോട് വെറുപ്പുണ്ടെന്ന് തോന്നിയാൽ നിന്റെ ബലി വസ്തു അവിടെ വച്ചിട്ടുപോയി അവനോട് നിരപ്പായതിനുശേഷം യാഗം കഴിച്ചാൽ മതി എന്ന് ആവശ്യപ്പെട്ട യേശുക്രിസ്തുവിനെ ഇന്ന് നമ്മൾ വേദനിപ്പിക്കുകയും അവഹേളിക്കുകയും അല്ലേ ചെയ്യുന്നത്. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയിൽ സമാധാനം നിലനിർത്തുകയെന്നത് സഭാമക്കളുടെ മൗലികമായ അവകാശമായതിനാൽ സഭയിൽ സമാധാനം പുന:സ്ഥാപിക്കുവാൻ സഭാ നേതൃത്വത്തിന് വലിയ ഉത്തരവാദിത്വം ഉണ്ട്. ഒരു നൂറ്റാണ്ടിന്റെ പഴക്കമുള്ള മലങ്കരസഭാ തർക്കങ്ങൾക്ക് ഇന്നും പരിഹാരം കിട്ടാതെ സഭാമക്കൾ വിഷമിക്കുമ്പോൾ ക്നാനായ സമുദായത്തിലും പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. സഭാപ്രശ്നങ്ങൾ കോടതി വഴിയോ, തെരുവിൽ അടിച്ച് തീർക്കുവാനോ വിശുദ്ധ ബൈബിൾ നമ്മെ പഠിപ്പിക്കുന്നില്ല. എന്നാൽ സഭാ മേലദ്ധ്യക്ഷന്മാർ തന്നെ കോടതിയിൽ വ്യവഹാരത്തിന് വാദികളായി തീർന്നിരിക്കുന്നത് എത്രയോ പരിതാപകരമാണ്. വ്യവഹാരത്തിന് വ്യവഹാരങ്ങളിലൂടെ തടിച്ച് കൊഴുക്കുന്ന ഒരു കൂട്ടർ. സഭാമക്കളുടെ മുമ്പിൽ ചോദ്യം ചിഹ്നമായി നിൽക്കുമ്പോൾ ഈ ജനം എങ്ങനെ നിങ്ങളെ കാണും എന്നു ചിന്തിക്കുക സഭയുടെ ആദ്ധ്യാത്മീക അടിത്തറ തകർക്കുയും പുതിയ തലമുറയുടെ വിശ്വാസത്തിന് തുരങ്കം വയ്ക്കുകയും ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങളിൽനിന്നും നിങ്ങൾ പിൻതിരിയേണ്ടകാലം കഴിഞ്ഞിരിക്കുന്നു. ഇന്ന് ക്നാനായ സമുദായത്തിൽ രണ്ട് വിഭാഗങ്ങളും ഇവരെ തമ്മിൽ ഭിന്നിപ്പിക്കുവാൻ ശ്രമിക്കുന്ന മാദ്ധ്യമങ്ങളും ഉണ്ട്. സമാധാനകാലത്ത് മാദ്ധ്യമങ്ങളുടെ ഉടമയുടെ മൂലധന താല്പര്യങ്ങളും ലക്ഷ്യങ്ങളും പുറത്തു കാണിക്കുന്നതിന് അല്പം മയമൊക്കെയുണ്ടാകും അപ്പോൾ പലതും പൊതിഞ്ഞു പറയും.

യുദ്ധകാലത്ത് പുള്ളിപ്പുലിയുടെ മറച്ചു വച്ച പുള്ളികൾ താനെ തെളിഞ്ഞുവരും. അതുവരെ സൂക്ഷിച്ചു വച്ചിരുന്ന നിഷ്പക്ഷതയുടെ ഉടയാടകൾ ഓരോന്നായി ഉരിഞ്ഞുവീഴും. അപ്പോൾ എല്ലാ നാണവും വലിച്ചെറിയും ആശയപാപ്പരത്വം കൊണ്ട് പൂർണ്ണ നഗ്നരായി ബുർഷാമാദ്ധ്യമങ്ങൾ ജനങ്ങൾക്കു മുമ്പിൽ മറയെടുത്തുനിന്നുകൊണ്ട് എന്തും വിളിച്ചു പറയും. അപ്പോൾ നിങ്ങൾ ഇന്ന് ആശ്രയിക്കുന്നവരായ മാദ്ധ്യമങ്ങളുടെ പ്രവർത്തനം നിമിത്തം ജനങ്ങളുടെ മുമ്പിൽ നാണിച്ചു നിൽക്കേണ്ടിവരും. സമുദായത്തിൽ പിളർപ്പുണ്ടാവുകയും പ്രത്യേകിച്ച് കക്ഷികൾ ഉടലെടുക്കുകയും ചെയ്യുമ്പോൾ അവിടെ അനുരഞ്ജനവും ഐക്യവും ഉണ്ടാകണമെങ്കിൽ ഇരു കക്ഷികളും അതിനാഗ്രഹിക്കുകയും പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

നിർത്തിക്കൂടെ ഈ വ്യവഹാരങ്ങളും തർക്കങ്ങളും. ഓരോ ദിവസവും നൂറു കണക്കിന് സഭാ മക്കൾ അകന്നു പോയിക്കൊണ്ടിരിക്കുന്നു. സഭാ പിതാക്കന്മാരേ, നിങ്ങൾ ഇതു കാണുന്നില്ലേ. ഒരു മണിക്കൂറിന് സുപ്രീം കോടതിയിൽ വാദിക്കുന്നതിന് ഒന്നര ലക്ഷം മുതൽ 5 ലക്ഷം രൂപ വരെ കൊടുക്കുന്നു. സഭാ വഴക്കിന്റെ പേരിൽ നിന്ദിതരും അപമാനിതരുമാകുന്ന സഭാ മക്കളെ നിങ്ങൾ കാണുന്നില്ലെ. എത്രയോ കുടുംബങ്ങൾ സഹോദരങ്ങൾ തമ്മിൽ തല്ലി നശിക്കുന്നു. ഇതിനെല്ലാം കണക്ക് കൊടുക്കേണ്ടിവരും എന്നു മനസ്സിലാക്കി സഭയിൽ സമാധാനം ഉണ്ടാക്കണമെന്ന് അപേക്ഷിക്കുന്നു.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

ജൂൺ മാസത്തിൽ സഭാ കലണ്ടറിൽ ശ്ലീഹാനോമ്പ് അനുഷ്ഠിച്ച് ശ്ലീഹന്മാരുടെ ഓർമ്മ ആചരിക്കുന്നു. യേശു തന്റെ സ്ഥാനാപതികളായി അപ്പസ്തോലന്മാരെ തെരഞ്ഞെടുത്ത്, ദൈവരാജ്യമർമ്മങ്ങൾ പരിശീലിപ്പിച്ച്, പരിശുദ്ധാത്മശക്തി നല്കി അവരെ അയച്ചു. യേശുവിന്റെ സ്വർഗ്ഗാരോഹണത്തെ തുടർന്ന് അവർ ലോകമൊക്കെയിലും രക്ഷകനായ ക്രിസ്തുവിനെ പ്രഘോഷിച്ചു. തങ്ങളുടെ ജീവിതം മുഴുവനായി യേശുവിന്റെ സന്നിധിയിൽ സമർപ്പിച്ച് യേശുവിനായി ജീവിക്കാനും, മരിക്കുവാനും തയ്യാറായി. പീഡകളുടെ നടുവിലും തങ്ങളെ സുവിശേഷ ദൗത്യം ഏല്പിച്ച യേശുവിനായി ജീവിച്ച്, തങ്ങളെത്തന്നെ ഉപേക്ഷിച്ച് ജീവിച്ച് യേശുവിനെ അനുകരിച്ച ശ്ലീഹന്മാർ നമുക്ക് അവശേഷിപ്പിക്കുന്ന മാതൃക, നാമും സ്വാർത്ഥത ഉപേക്ഷിച്ച് സ്വയം ത്യജിച്ച് യേശുവിനുവേണ്ടി ജീവിക്കുവാൻ തയ്യാറാകണം എന്നതാണ്. നമ്മുടെ നാഥനായ യേശുവിനെ അനുകരിച്ച് യേശുവിന്റെ ഉത്തമസാക്ഷികളായി ജീവിച്ച്, ഈ നൂറ്റാണ്ടിലെ അപ്പസ്തോലരായിത്തീരുവാൻ ശ്ലീഹാനോമ്പാചരണം നമ്മെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വി. തോമ്മാശ്ലീഹായുടെ ഓർമ്മദിനം ജൂലൈ 3 ന് ആചരിക്കുന്നുവല്ലോ. ഭാരതത്തിന്റെ അപ്പസ്തോലനായ ശ്ലീഹായുടെ പ്രഘോഷണമായ 'എന്റെ കർത്താവും എന്റെ ദൈവമെ' എന്നത് നമ്മുടെയും ജീവിതത്തിൽ എപ്പോഴും സ്മരിക്കുവാനും, ആ വിശ്വാസം നമ്മെ നയിക്കുവാനും ഇടയാകണം. വിശ്വാസതീക്ഷ്ണതയിൽ ദൈവത്തിൽ മുന്നേറുവാൻ നമുക്ക് സാധിക്കുമ്പോഴാണ് പെരുന്നാളുകളെല്ലാം അർത്ഥവത്താകുന്നതും പ്രസക്തിയുളവാക്കുന്നതും. തോമാശ്ലീഹാ ആദ്യം സന്ദേഹത്തോടെ സംസാരിച്ചുവെങ്കിലും പിന്നീട് സംശയമില്ലാതെ യേശുവിന്റെ മുമ്പിൽ സ്വയം സമർപ്പിച്ചു. ആധുനിക കാലഘട്ടത്തിൽ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാകാം. എങ്കിലും നാമാകുന്ന വിശ്വാസികൾക്ക് കരണീയമായത് പൂർണ്ണ സമർപ്പണത്തിന്റെ ജീവിതമാണ്. അതിന് നമ്മെ വി.തോമ്മാശ്ലീഹായുടെ സ്മരണ സഹായിക്കട്ടെ.

ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ പുണ്യശ്ലോകനായ ഗീവർഗീസ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ ശ്രാദ്ധപെരുന്നാളും, മോർ സേവേറിയോസ് ഫണ്ടിന്റെ 100-ാം വാർഷികവും കൊണ്ടാടുവാൻ ദൈവം സഹായിച്ചു. മെത്രാപ്പോലീത്താ ആരംഭിച്ചതായ വിദ്യാഭ്യാസ നിധി നമ്മുടെ അനേകം ആളുകൾക്ക് പഠനത്തിന് സഹായകമായി. അതിലൂടെ എത്രയോ കുടുംബങ്ങളാണ് അനുഗ്രഹിക്കപ്പെട്ടത്. കാലാകാലങ്ങളിൽ ഫണ്ടിന്റെ പ്രവർത്തനത്തിന് നേതൃത്വം നല്കിയവരെ പ്രത്യേകം സ്മരിക്കുന്നു. അവരെ കൃതജ്ഞതയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഈ ഫണ്ടിന്റെ ധനശേഖരണാർത്ഥം നടത്തുന്ന കവർ പിരിവിൽ ഏവരും ആത്മാർത്ഥമായി സഹകരിക്കണമെ. അതുപോലെ ഫണ്ടിൽനിന്നും ലോൺ എടുത്ത് കുടിശിഖ ആയിരിക്കുന്നവർ അത് അടച്ചു തീർക്കുവാൻ ശ്രദ്ധിക്കണം. അങ്ങനെ ഈ ഫണ്ട് കൂടുതൽ ആളുകൾക്ക് സഹായകമാകുവാൻ സാധിക്കുമല്ലോ.

സണ്ടേസ്കൂൾ സമാജം സംഘടിപ്പിച്ച ഏകദിന സെമിനാർ വളരെ അനുഗ്രഹമായിരുന്നു. കുട്ടികളാണ് നമ്മുടെ സമുദായത്തെ നിലനിർത്തേണ്ടത്. ക്നാനായ തനിമ പുലർത്തുന്നതോടൊപ്പം, ഉന്നത വിദ്യാഭ്യാസമുള്ള തലമുറയായി തീരേണ്ടതുണ്ട്. എവിടെ പഠനത്തിനായും, ജോലിക്കായും പോയാലും സമീപത്തുള്ള നമ്മുടെ ദൈവാലയങ്ങളുമായി ചേർന്ന് ജീവിക്കണം. കഴിവുള്ള ദിവസങ്ങളിലെല്ലാം ആരാധനയിൽ പങ്കെടുക്കുന്നവരും, ദൈവാലയങ്ങളുടെ പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നവരുമാകണം. ഈ സെമിനാറിന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ച ഡയറക്ടർ, ജനറൽ സെക്രട്ടറി ഉൾപ്പെടെയുള്ള കേന്ദ്ര ഭാരവാഹികളെയും, യൂണിറ്റ് തലത്തിൽ നേതൃത്വം നൽകിയ പ്രധാന അദ്ധ്യാപകർ, സെക്രട്ടറിമാർ, അദ്ധ്യാപകർ, മാതാപിതാക്കൾ എല്ലാവരെയും അനുമോദിക്കുന്നു. കുട്ടികൾക്ക് ലഭിച്ച സന്ദേശങ്ങൾ ജീവിതത്തിൽ പകർത്തി നല്ല മൂല്യബോധമുള്ളവരായിത്തീരാൻ ഇടയാകട്ടെയെന്ന് ആശംസിക്കുന്നു.

പുതിയ അദ്ധ്യയനവർഷം ആരംഭിച്ചുവല്ലോ. എല്ലാ കുട്ടികളെയും ദൈവസന്നിധിയിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. ദൈവാശ്രയത്തോടെ, ആത്മാർത്ഥതയോടെ, ഉന്നതമായ ലക്ഷ്യബോധത്തോടെ പഠിക്കുവാൻ ദൈവം സഹായിക്കട്ടെ. ഏത് കോഴ്സിൽ ചേർന്നാലും അതിൽ നല്ല രീതിയിൽ അദ്ധ്വാനിക്കുക. നിങ്ങളുടെ പഠനത്തിലൂടെ തുടർന്നുള്ള ജീവിതത്തിലൂടെ ലോകത്തിന് സംഭാവനകൾ നല്കുന്നവരായിത്തീരണം. അതായിരിക്കണം ലക്ഷ്യമാക്കേണ്ടത്.

നമ്മുടെ അതിഭദ്രാസനത്തിൽ അസമാധാനത്തിന്റെ വിത്തുകൾ ഇല്ലാതായി, സമാധാനത്തിനായി എല്ലാവരും പ്രാർത്ഥിക്കണം. ദൈവകൃപ വ്യാപരിച്ച് പരിശുദ്ധാത്മനിറവിൽ ഉത്തമ ക്രൈസ്തവ സാക്ഷ്യമുള്ളവരായി ജീവിക്കുവാൻ, ലോകത്തിന് വെളിച്ചമായി തീരുവാൻ നമുക്ക് സാധിക്കുന്നതിനായി ഏവരും പ്രാർത്ഥിക്കണം. ക്നാനായ തനിമ നിലനിർത്തി, നാം പാലിച്ചുപോരുന്ന വിശ്വാസ ആചാരങ്ങൾ പാലിച്ച് വിശ്വാസ തീക്ഷ്ണതയുള്ള സമൂഹമായി ജീവിക്കുവാൻ നമുക്ക് സാധിക്കണം. അതിന് ദൈവം സഹായിക്കട്ടെ.

കർതൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**(സമുദായ വലിയ മെത്രാപ്പോലീത്ത)**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ

കഴിഞ്ഞ മെയ് മാസം ക്നാനായ സമുദായത്തെ സംബന്ധിച്ച് വലിയ ഹൃദയവേദന ഉളവാക്കിയ കാര്യങ്ങളാണ് സമുദായത്തിൽ നടന്നത്. ചരിത്രത്തിൽ ആദ്യമായി ക്നാനായ സമുദായ മെത്രാപ്പോലീത്തായെ അന്ത്യോഖ്യ പാത്രിയാർക്കീസ് ബാവാ സസ്പെൻഡ് ചെയ്ത വാർത്ത ഒരോ ക്നാനായക്കാരന്റെയും അഭിമാനത്തെ ചോദ്യം ചെയ്ത സംഭവമായിരുന്നു.

ക്നാനായ സമുദായത്തിന്റെ സഹോദരസഭയായി പ്രവർത്തിക്കുന്ന യാക്കോബായ സഭയിലെ ബിഷപ്പുമാരുടെ അഭിപ്രായം അറിയാതെയാണ് ക്നാനായ സമുദായ മെത്രാപ്പോലിത്തായെ ബാവാ സസ്പെൻഡ് ചെയ്തത് എന്നും അറിയുവാൻ കഴിഞ്ഞു

എന്ത് കാരണം കൊണ്ടാണ് ഇത് സംഭവിച്ചത് എന്ന് ആർക്കും അറിയില്ല. അതിന് തക്കതായ കുറ്റം എന്താണ് സമുദായ മെത്രാപ്പോലീത്ത അഭി. സേവേറിയോസ് തിരുമേനി പ്രവർത്തിച്ചത് എന്നും ആർക്കും അറിയില്ല.

ക്നാനായ ഭരണഘടനയിൽ പറയുന്നത് മെത്രാപ്പോലീത്ത കാലം ചെയ്യുകയോ, കഠിന രോഗബാധിതനാവുകയോ, ഭരണം ഒഴിയുകയോ, സഭാപരിവർത്തനം നടത്തുകയോ ചെയ്യുന്ന അവസരത്തിലാണ് അദ്ദേഹത്തെ മാറ്റി വേറെ ഒരാളെ നിയമിക്കുന്നത്. ഇവിടെ യാതൊരു കുറ്റവും ചെയ്യാത്ത ഒരു നിരപരാധിയെ സമുദായത്തിലെ സഹായ മെത്രാൻമാരും കൂട്ടാളികളും ഒറ്റുകൊടുത്ത് ക്രൂശിക്കുകയല്ലേ ചെയ്തത്. അദ്ദേഹത്തിന്റെ മേൽ ആരോപിക്കുന്ന കുറ്റങ്ങൾ

1. അമേരിക്കയിൽ ഹാശ ആഴ്ചയിൽ രണ്ടു ദേവാലയങ്ങളിൽ ഓർത്തഡോക്സ് വൈദികർ ശുശ്രൂഷ നടത്തി

2. സമുദായ ആസ്ഥാനത്ത് ഓർത്തഡോക്സ് കാതോലിക്കാ ബാവാ സന്ദർശനം നടത്തി

3. അമേരിക്കയിൽ ബാവാ മുടക്കിയ രണ്ട് വൈദികർ നാട്ടിൽ വന്നപ്പോൾ അവരുടെ മാതൃ ഇടവകയിൽ കുർബാന അർപ്പിച്ചു

4. ക്നാനായ അസ്സോസിയേഷൻ പാസ്സാക്കി, ഇനി മുതൽ സമുദായ മെത്രാപ്പോലീത്തായെ സമുദായ വലിയ മെത്രാപ്പോലിത്തായെന്ന് അറിയപ്പെടും. അത് ദേവാലയങ്ങളെ ക്നാനായ കമ്മിറ്റിയുടെയും വൈദിക കൗൺസിലിന്റെയും തീരുമാനപ്രകാരം വികാരി ജനറാൾ സമുദായത്തിലെ വൈദികരെ സർക്കുലർ മൂലം അറിയിച്ചു

പ്രിയപ്പെട്ടവരെ, ഇത് ഒരു സമുദായത്തിന്റെ മുഖ്യ മെത്രാപ്പോലിത്തായെ സസ്പെൻഡ് ചെയ്യുവാനുള്ള കാരണങ്ങൾ ആണോ? ഒരു സമുദായത്തിന്റെ മേലദ്ധ്യക്ഷനെ സസ്പെൻഡ് ചെയ്യുന്നതിന് ഈ കാരണങ്ങൾ മതിയോ? ഇതൊന്നും ഒരു കാരണം അല്ലെന്ന് എല്ലാവർക്കും അറിയാം. ഞങ്ങൾ മനസ്സിലാക്കുന്നത് ഇപ്പോഴത്തെ പാത്രിയാർക്കിസ് ബാവായുടെ തിരഞ്ഞെടുപ്പിൽ സമുദായ മെത്രാപ്പോലിത്തായും ശ്രേഷ്ഠ കതോലിക്കാബാവായും പാത്രിയാർക്കിസ് ബാവായ്ക്ക് വോട്ട് ചെയ്തില്ല എന്നും മാത്രമല്ല എതിർ സ്ഥാനാർത്ഥികൾക്ക് വേണ്ടി വോട്ട് പിടിച്ചു എന്നും സഹായമെത്രാന്മാർ സാക്ഷികളെ പാത്രിയാർക്കിസ് ബാവായുടെ മുൻപിൽ ഹാജരാക്കി ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും ശ്രേഷ്ഠ കാതോലിക്കാ ബാവായേയും ഒറ്റിക്കൊടുത്തു എന്ന് ഞങ്ങൾക്ക് അറിവു കിട്ടി. അന്നു തുടങ്ങിയതാണ് ഈ രണ്ടു പേരോടും ബാവായ്ക്ക് ഉള്ള പിണക്കം. ശ്രേഷ്ഠ ബാവായുടെ സ്ഥാനം അവഗണിച്ചു, സമുദായ മെത്രാപ്പോലിത്തായെ ഓരോ കാരണങ്ങൾ ഉണ്ടാക്കി സഹായമെത്രാന്മാർ ബാവായെ സ്വാധീനിച്ച് നടപടികൾ ആരംഭിച്ചു. ആദ്യം രണ്ടു സ്ഥാനങ്ങൾ എടുത്തു കളയിപ്പിച്ചു. പിന്നീട് സമുദായ മെത്രാപോലീത്തായെ ശപിച്ചുകൊണ്ട് കല്പനകൾ ഇറക്കി. ഒടുവിൽ സസ്പെൻഷൻ മാത്രമല്ല ശുശ്രൂഷകളിൽ നിന്നും സസ്പെൻഡ് ചെയ്യിപ്പിച്ചു. ഇത് സമുദായത്തിന്റെ വികാരം ഇളക്കി. മെയ് പതിനേഴാം തീയതി ഇറക്കിയ സസ്പെൻഷൻ പതിനെട്ടാം തീയതി കോടതി സ്റ്റേ ചെയ്തു. 19-ാം തിയതി ക്നാനായ ജനം ഇളകി മറിഞ്ഞ് ചിങ്ങവനത്ത് അപ്രേം സെമിനാരിയിൽ പതിനായിരങ്ങൾ ഒത്തുകൂടി ചരിത്രം സൃഷ്ടിച്ചു. ഇരുപത്തിയൊന്നാം തീയതി ക്നാനായ അസ്സോസിയേഷൻ കൂടി ഭരണഘടന അമെൻഡ്മെന്റ് പാസ്സാക്കി പല സുപ്രധാന തീരുമാനങ്ങളും കൈക്കൊണ്ടു.

ഇരുപത്തിയൊന്നാം തീയതി കൂടുവാനിരുന്ന ക്നാനായ അസ്സോസിയേഷൻ ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തു എന്നൊരു കിംവദന്തി കുറേ ആളുകൾ പ്രചരിപ്പിച്ചു. എങ്കിലും നേരിട്ടും ഓൺലൈനുമായി ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും 306 അസ്സോസിയേഷൻ അംഗങ്ങൾ ഇരുപത്തിയൊന്നാം തീയതിയിലെ അസ്സോസിയേഷൻ യോഗത്തിൽ പങ്കെടുത്തു എന്നത് സമുദായത്തോട് കനാനായ അസ്സോസിയേഷൻ അംഗങ്ങൾ കാണിക്കുന്ന പ്രതിബദ്ധതയാണ് പ്രകടമായത്.

സമുദായ മെത്രാപ്പോലിത്തായുടെ മേൽ ഉണ്ടായ നടപടിയുടെ നാൾവഴികൾ അറിയിക്കുകയാണ്.

യാതൊരു പ്രകോപനവും ഇല്ലാതെ പൊയ്ക്കൊണ്ടിരുന്ന ക്നാനായ സമുദായത്തിൽ 2024 ഏപ്രിൽ 17-ാം തീയതി പാത്രിയർക്കിസ് ബാവായുടെ ഒരു കൽപ്പന സമുദായ മെത്രാപ്പോലീത്തായ്ക്ക് വരുന്നു. അതിൽ പറഞ്ഞിരിക്കുന്നത് അമേരിക്കയിൽ ഹാശാ ആഴ്ചയിൽ ഓർത്തഡോക്സ് വൈദികരെ പള്ളിയിൽ കയറ്റി കുർബാന ചൊല്ലിച്ചുവെന്നും, അപ്രേം സെമിനാരിയിൽ കോട്ടയം കാതോലിക്കാ ബാവാ

വന്നുവെന്നും, വികാരി ജനറാൾ ദേവാലയങ്ങളിൽ വലിയ മെത്രാപ്പോലീത്ത എന്ന് തുബ്ദേനിൽ വായിക്കണം എന്ന് സർക്കുലർ ഇറക്കിയെന്നും, അമേരിക്കയിൽ മുടക്കിയ വൈദികർ നാട്ടിൽ വന്ന് കുർബാന ചൊല്ലിയെന്നും തുടങ്ങിയ കാര്യങ്ങൾ ബാവാ അറിഞ്ഞു. സമുദായ മെത്രാപ്പോലിത്തായ്ക്ക് ഇതേക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ 2 ആഴ്ചയ്ക്കകം മറുപടി തരണം എന്നാണ്.

ബാവാ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ക്നാനായ കമ്മിറ്റിയും, വികാരി ജനറാളും ആയി ബന്ധപ്പെട്ട കാര്യങ്ങളും ഉള്ളതിനാൽ ഏപ്രിൽ 18-ാം തീയതി തന്നെ സമുദായ മെത്രാപ്പോലിത്ത ക്നാനായ കമ്മിറ്റിക്ക് ബാവായുടെ കൽപ്പന എൻഡോർസ് ചെയ്ത് തരികയും, ബാവാ പറഞ്ഞ കാര്യങ്ങളിൽ എന്തെങ്കിലും കമ്മിറ്റിക്ക് പറയാൻ ഉണ്ടെങ്കിൽ 5 ദിവസത്തിനകം അതിന്റെ വിശദീകരണം സമുദായ മെത്രാപ്പോലിത്തായ്ക്ക് തരണം എന്നും ആണ് കത്തിന്റെ ഉള്ളടക്കം.

അന്നുതന്നെ ക്നാനായ കമ്മിറ്റിയ്ക്ക് നോട്ടീസ് അയച്ച് ഏപ്രിൽ 23-ാം തിയതി ക്നാനായ കമ്മിറ്റി കൂടി ഏപ്രിൽ 26-ാം തീയതി സമുദായ മെത്രാപ്പോലീത്തായ്ക്ക് 11 പേജിൽ വിശദമായ റിപ്പോർട്ട് കൊടുത്തു.

ബാവാ മറുപടി തരണം എന്നു പറഞ്ഞ ഡേറ്റിന് മുൻപ് തന്നെ സമുദായ മെത്രാപ്പോലിത്ത കമ്മിറ്റിയുടെ 11 പേജുള്ള ലെറ്ററും, സമുദായ മെത്രാപ്പോലീത്തായുടെ 5 പേജ് ഉള്ള ലെറ്ററും, ലെറ്ററിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുടെ തെളിവുകളും വെച്ച് മെയ് 1-ാം തീയതി ബാവായ്ക്ക് മറുപടി കൊടുത്തു. സമുദായ മെത്രാപ്പോലീത്തായും ക്നാനായ കമ്മിറ്റിയും ബാവായ്ക്ക് കൊടുത്ത ലെറ്ററിലെ കാര്യങ്ങൾ വളരെ വിശദമായി കഴിഞ്ഞ മാസത്തെ ക്നാനായ ദീപത്തിൽ ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്

ഇതിന് മറുപടിയായി മെയ് മാസം 12-ാം തീയതി ബാവായുടെ 2 കൽപ്പനകൾ വന്നു. ഒരു കല്പ്പനയിൽ പറഞ്ഞിരിക്കുന്നത് സമുദായ മെത്രാപ്പോലിത്ത ബാവായ്ക്ക് കൊടുത്ത കത്ത് തൃപ്തികരമല്ല.

ഞാൻ നിനക്ക് തന്ന ലെറ്റർ എന്തിന് കമ്മിറ്റിക്ക് കൊടുത്തു? കമ്മിറ്റി പറയുന്നതാണോ നീ കേൾക്കുന്നത്? നിങ്ങളുടെ ഭരണഘടന അന്ത്യോഖ്യ സിംഹാസനത്തിന്റെ അധികാരത്തിനും മേൽക്കോയ്മയ്ക്കും വിധേയമാണെന്നും, എന്തായാലും നിങ്ങൾക്ക് എതിരായ പരാതികൾ ഇപ്പോൾ സാധുവാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായിയെന്നും, ഓർത്തഡോക്സ് വൈദികരുടെ സേവനം പ്രയോജനപ്പെടുത്തിയ യു. എസ്. എ. യിലെ ഇടവകക്കാർക്ക് എതിരേ നടപടി എടുത്തില്ലായെന്നും, ഞാൻ തിരിച്ചെടുത്ത പദവികൾ ക്നാനായ അസോസിയേഷൻ തിരിച്ചു തന്നത് അംഗീകരിക്കുന്നില്ല എന്നും, അത് സർക്കുലർ മൂലം വികാരി ജനറാൾ പള്ളികളിൽ അയച്ചത് അംഗീകരിക്കുന്നില്ല എന്നും, വികാരി ജനറാളിന് എതിരേ നടപടിയെടുത്തില്ലായെന്നും, അമേരിക്കയിൽ ഹാശാ ആഴ്ച ഓർത്തഡോക്സ് വൈദികൻ വന്നത് അംഗികരിക്കുന്നില്ലായെന്നും, ആയതിനാൽ നിങ്ങൾ എന്റെ മുൻപിൽ ലെബനോനിൽ വരണം അല്ലാത്ത പക്ഷം മെയ് 16-ാം തിയതി ഉച്ചയ്ക്ക് 1 മണിക്ക് ഒരു വിഡിയോ കോൺഫറൻസിലുടെ ഹാജരാകാവുന്നതാണ്.

രണ്ടാമത്തെ കല്പ്പനയിൽ പറയുന്നത് ക്നാനായ അസ്സോസിയേഷനിൽ ഭരണഘടനാ ഭേദഗതി നടത്തുന്നത് അന്ത്യോഖ്യയുടെ അധികാരത്തെ കളയുന്നതിനു വേണ്ടിയാണെന്നും, അതിന് സമുദായ മെത്രാപ്പോലിത്താ എന്തിന് അനുവാദം കൊടുത്തു എന്നും, ഭരണഘടന ഭേദഗതി മീറ്റിംഗ് കൂടാൻ പാടില്ലെന്നും, അനുവാദം പിൻവലിച്ച് കേരളത്തിലെ പ്രമുഖ പത്രത്തിൽ മെയ് 14-ന് മുമ്പു പ്രസിദ്ധീകരിക്കണം എന്നും, മെയ് 15 ന് മുൻപ് പത്രത്തിൽ പ്രസിദ്ധീകരിച്ചതിന്റെ കോപ്പി ഞങ്ങൾക്ക് അയച്ചു തരണം എന്നും, കൂടാതെ കോട്ടയം കോടതിയിൽ മർക്കോസ് ചാലുപറമ്പിൽ, റെന്നി എബ്രഹാം എന്നിവർ സമർപ്പിച്ച കേസ് നീ വേണ്ടവിധം നടത്താഞ്ഞത് കൊണ്ടാണ് കോടതി സ്റ്റേ ചെയ്തത്, 2023 ഒക്ടോബർ 24-ാം തിയതി നടന്ന അസോസിയേഷൻ യോഗത്തിൽ റെന്നി ഏബ്രഹാമിനേയും, മർക്കോസ് ചാലുപറമ്പിലിനേയും നിന്റെ അനുവാദത്തോടെയാണോ കയറ്റിയത് എന്നും, 16 മെയ് 2024-നോ അതിനുമുമ്പോ മുകളിൽ സൂചിപ്പിച്ച എല്ലാ വിഷയങ്ങളിലും രേഖാമൂലം വിശദീകരണം നൽകാൻ ബാവായുടെ കല്പ്പനയിൽ പറഞ്ഞിരുന്ന പ്രകാരം പത്രത്തിൽ വാർത്ത കൊടുക്കുകയും, ആ പത്ര കട്ടിംഗ് ബാവായുടെ സെക്രട്ടറിക്ക് അയച്ച് കൊടുക്കുകയും ചെയ്തതാണ്.

ഇതിനിടയിൽ ബാവായുടെ ആവശ്യപ്രകാരം മലങ്കര യാക്കോബായ സഭയുടെ മെത്രാപ്പോലിത്തൻ സിനഡ് വിളിച്ചു കൂട്ടുകയും സിനഡിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും രണ്ട് സഹായകന്മാരെയും ക്ഷണിച്ചുവരുത്തി അവിടെ ഒരു തീരുമാനം എടുത്തു. മെത്രാന്മാരുടെ ഒരു അനുരഞ്ജന കമ്മിറ്റിയെ പ്രശ്ന പരിഹാരത്തിന് വേണ്ടി തെരഞ്ഞെടുത്തു.

ഈ അനുരഞ്ജന കമ്മിറ്റിയുമായി ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16-ാം തീയതി നടന്ന ചർച്ചയിൽ പരി. അന്ത്യോക്യാ സിംഹാസനവുമായി ബന്ധപ്പെട്ട ഒരു കാര്യവും ക്നാനായ അസ്സോസിയേഷനിൽ ചർച്ചയ്ക്ക് എടുക്കുകയില്ല എന്ന് ഒരു ധാരണയുണ്ടായി. ആ ധാരണ അനുരഞ്ജന കമ്മിറ്റി ബാവായെ അറിയിക്കുകയും ചെയ്തു. ബാവാ അതിന് സമ്മതിക്കുകയും ചെയ്തു എന്ന് സമുദായ സെക്രട്ടറിയെ അനുരഞ്ജന കമ്മിറ്റി അറിയിച്ചു.

ഈ കാര്യങ്ങൾ ബാവായെ 16-ാം തീയതിയിലെ വിഡിയോ കോൺഫറൻസിന് മുമ്പ് രേഖാമൂലം സമുദായ മെത്രാപ്പോലീത്ത അറിയിക്കുകയും ചെയ്തതാണ്.

കൂടാതെ 16-ാം തീയതി 6 മണിക്ക് നടന്ന വീഡിയോ കോൺഫറൻസിൽ വെച്ച് സമുദായമെത്രാപ്പോലീത്ത ഇക്കാര്യം ബാവായോട് പറയുകയും, ബാവാ യു ഗോ എഹെഡ് എന്ന് പറയുകയും ചെയ്താണ്.

ആ വീഡിയോ കോൺഫറൻസിന് ശേഷം സമുദായ മെത്രാപ്പോലീത്തായും കമ്മിറ്റി അംഗങ്ങളും ഓൺലൈനിൽ സോഷ്യൽ മീഡിയയിൽ ലൈവ് ആയി നടന്ന കാര്യങ്ങൾ സമുദായ ജനത്തോട് പ്രസ്താവിക്കുകയും ചെയ്തതാണ്.

സമുദായ മെത്രാപ്പോലീത്തായുടെ വീഡിയോ കോൺഫറൻസിനു ശേഷം 12 മണിക്കൂറിനകം 17-ാം തീയതി രാവിലെ 10:08 ആയപ്പോൾ സമുദായ മെത്രാപ്പോലീത്തായെ

സസ്പെന്റ് ചെയ്തുകൊണ്ട് ബാവായുടെ കൽപ്പന വരികയായിരുന്നു. (എന്നാൽ യാക്കോബായ മെത്രാൻമാരുടെ അനുരഞ്ജന കമ്മിറ്റി ഇത് അറിഞ്ഞിരുന്നില്ലാ എന്നാണ് പിന്നിട് മനസിലാക്കിയത്).

കല്പ്പനയിൽ എഴുതിയിരുന്നത് അമേരിക്കയിൽ ഓർത്തഡോക്സ് വൈദികർ കുർബാന ചൊല്ലിയതിനും, ഓർത്തഡോക്സ് കാതോലിക്കാബാവ അപ്രേം സെമിനാരിയിൽ വന്നതിനും, നിങ്ങളുടെ അറിവില്ലാതെയും സമ്മതമില്ലാതെയുമാണ് വികാരി ജനറാൾ പുറപ്പെടുവിച്ച സർക്കുലറുകൾ എന്ന് വിശ്വസിക്കാൻ പ്രയാസമാണ്. ആ സർക്കുലറുകൾ പുറപ്പെടുവിച്ചതിന് ശേഷം നിങ്ങൾക്ക് തൃപ്തികരമായ വിശദീകരണം നൽകാൻ കഴിഞ്ഞില്ല എന്നുമാണ് ആരോപണം.

ക്നാനായ അതിരൂപതയുടെ 'ആർച്ച് ബിഷപ്പും, ചീഫ് മെത്രാപ്പോലീത്തയും' എന്ന നിങ്ങളുടെ പദവി തിരിച്ചെടുക്കാൻ ഞങ്ങൾ നിർബന്ധിതരായത് നിങ്ങൾ ഓർക്കുന്നുണ്ടാകും.

നിങ്ങളെ സസ്പെൻഡ് ചെയ്യാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. സസ്പെൻഷൻ കാലയളവിൽ ക്നാനായ അതിരൂപതയുടെ മെത്രാപ്പോലീത്തയും 'സമുദായ മെത്രാപ്പോലീത്തയും' എന്ന നിലയിലുള്ള നിങ്ങളുടെ എല്ലാ അധികാരങ്ങളിൽ നിന്നും ഉത്തരവാദിത്തങ്ങളിൽ നിന്നും നിങ്ങളെ ഒഴിവാക്കിയിരിക്കുന്നു. ഞങ്ങളിൽ നിന്നുള്ള തുടർനടപടികളും ഉത്തരവുകളും വരെ എല്ലാ മെത്രാൻ, പൗരോഹിത്യ പ്രവർത്തനങ്ങളിൽ നിന്നും ചുമതലകളിൽ നിന്നും നിങ്ങളെ നീക്കം ചെയ്യുന്നു .

സമഗ്രമായ ആലോചനയ്ക്കു ശേഷം നിങ്ങളുടെ പശ്ചാത്താപത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നിങ്ങളുടെ പശ്ചാത്താപത്തെക്കുറിച്ച് ഞങ്ങൾക്ക് ബോധ്യമുണ്ടെങ്കിൽ നിങ്ങളുടെ സസ്പെൻഷൻ ഞങ്ങൾ പുനഃപരിശോധിക്കുകയും ചെയ്യും. പിന്നീട്, സമുദായം താത്കാലികമായി ഭരിക്കാൻ ഉചിതമായ ഒരു വ്യക്തിക്ക് ഞങ്ങൾ ചുമതല നൽകിയേക്കാം.

17-ാം തീയതി ഈ കൽപ്പന വന്നു കഴിഞ്ഞപ്പോൾ തിരുമേനി ജനത്തോട് പറഞ്ഞു നിങ്ങൾ സംയമനം പാലിക്കണം ഒന്നും പ്രവർത്തിക്കരുത്. ബാവായ്ക്കെതിരായി ഒരക്ഷരം പോലും മിണ്ടരുത് പശ്ചാത്തപിച്ചാൽ പിൻവലിക്കും എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ടും, ബാവയോട് ക്ഷമ യാചിച്ചും അസ്സോസിയേഷൻ കൂടണ്ടാ എന്ന് ക്നാനായ സമുദായ സെക്രട്ടറിക്ക് ലെറ്ററും എഴുതി.

അതിന്റെ കോപ്പിയും ബാവായ്ക്ക് അയച്ച് കൊടുത്തതിനു ശേഷം മറുപടി പ്രതീക്ഷിച്ചിരുന്ന തിരുമേനിക്ക് ലഭിച്ചത് രാവിലെ സമുദായ മെത്രാപ്പോലിത്തയായി സഹായ മെത്രാൻ ഗ്രിഗോറിയോസിനെ നിയമിച്ചു എന്ന ബാവായുടെ കല്പനയാണ്.

സഹായമെത്രാൻ ഗ്രിഗോറിയോസിന് ബാവായുടെ കൽപ്പന കിട്ടിയ ഉടൻ തന്നെ അദ്ദേഹം സമുദായ മെത്രാപ്പോലീത്തയായി ചാർജ് എടുത്തു എന്നൊരു കല്പനയും, ക്നാനായ അസോസിയേഷൻ പിരിച്ചുവിട്ടിരിക്കുന്നു എന്ന് മറ്റൊരു കല്പനയും ഉടൻതന്നെ എഴുതി. അത് കോടതിയിൽ ഹാജരാക്കി. 18-ാം തീയതി കോടതിയിൽ കേസ് ഉണ്ടായിരുന്നതിനാൽ ബാവായുടെ സസ്പെൻഷൻ കല്പന ബഹു. കോടതി സ്റ്റേ ചെയ്തു എന്ന് മാത്രമല്ല സമുദായമെത്രാപ്പോലീത്തയായി തുടരുന്നതിൽ നിന്നും ആരും തടയാൻ പാടില്ലായെന്നും കോടതി ഉത്തരവിൽ വ്യവസ്ഥ ചെയ്തു.

സമുദായ മെത്രാപ്പോലീത്ത ബാവായ്ക്ക് അയച്ച എല്ലാ ലെറ്ററുകളും അനുബന്ധ രേഖകളും ബാവായുടെ ഓഫീസിൽ നിന്നും കോടതിയിൽ ഹാജരാക്കുന്നതിന് വേണ്ടി സഹായ മെത്രാന്മാർക്ക് നൽകി എന്നത് തികച്ചും പക്ഷപാതപരമായിപ്പോയി എന്ന് പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഇതിൽ നിന്നും ക്നാനായ ജനം എന്തു മനസ്സിലാക്കും? ഇതൊരു തിരക്കഥയുടെ ഭാഗമായിരുന്നു എന്നു പറഞ്ഞാൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഓരോ കല്പനകൾ വന്ന ഡേറ്റുകളും അതിന് കൊടുത്ത മറുപടിയുടെ ഡേറ്റുകളും നോക്കിയാൽ മനസ്സിലാകും. ഇവിടുന്ന് സമുദായ മെത്രാപ്പോലീത്ത കൊടുക്കുന്ന ലെറ്റർ അവിടെ ചെന്നാൽ ഉടൻതന്നെ നേരത്തെ തയ്യാറാക്കി വച്ചിരിക്കുന്ന കല്പ്പനകൾ ഇങ്ങോട്ട് അയച്ചു കൊണ്ടേയിരുന്നു. നേരത്തെ പ്ലാൻ ചെയ്ത ഒരു തിരക്കഥയുടെ ഭാഗമാണ് ഇതെല്ലാം.

അന്ത്യോക്യൻ വിശ്വാസം ക്നാനായ സമുദായം ഉപേക്ഷിക്കുന്നു എന്ന് കള്ള പ്രചരണം നടക്കുന്നുണ്ട്. അത് നമ്മുടെ ഇടയിൽ വിരുദ്ധത ഉണ്ടാക്കുന്നതിന് വേണ്ടിയാണ്. അന്ത്യോക്യൻ വിശ്വാസം മലങ്കരയിൽ ആദ്യമായി കൊണ്ടുവന്നത് ക്നാനായക്കാർ ആണ്. അതിൽ നിന്ന് നമ്മളെ നിക്കം ചെയ്യുവാൻ ആർക്കും അധികാരം ഇല്ല. അന്ത്യോക്യൻ സിംഹാസനത്തിന്റെ ആത്മീയ മേലദ്ധ്യക്ഷതയിൽ ക്നാനായ സമുദായം എന്നും തുടരുകയും ചെയ്യും.

മുകളിൽ പറഞ്ഞിരിക്കുന്ന ഈ കാര്യങ്ങൾ എല്ലാം കഴിഞ്ഞതിനുശേഷം ആണ് ക്നാനായ അസ്സോസിയേഷൻ മെയ് 21-ാം തീയതി കൂടിയത്. അസ്സോസിയേഷനിലെ 95% അസ്സോസിയേഷൻ അംഗങ്ങളുടെ തീരുമാനമാണ് അസ്സോസിയേഷനിൽ പാസാക്കിയത്. ആരും ആരെയും ഒന്നും അടിച്ചേൽപ്പിച്ചിട്ടില്ല എന്നുള്ളത് എല്ലാവരും മനസ്സിലാക്കുക,

മെയ് മാസം ഇരുപത്തിയൊന്നാം തീയതി നടന്ന ക്നാനായ അസ്സോസിയേഷന്റെ തീരുമാനങ്ങൾ പ്രത്യേകമായിട്ട് പ്രസിദ്ധീകരിക്കുന്നുണ്ട്.

ഈ പ്രതിസന്ധികൾക്കിടയിൽ ക്നാനായ സമുദായത്തിന്റെ ഷാർജയിലുള്ള ദേവാലയത്തിൽ പൊതുയോഗത്തിൽ ഉണ്ടായ ചില സംഭവങ്ങൾ നിമിത്തം രണ്ടാഴ്ച പള്ളി ആരാധന ഇല്ലാതെ അടഞ്ഞു കിടക്കുകയായിരുന്നു. മെയ് 31-ാം തീയതി സമുദായ മെത്രാപ്പോലീത്ത ഷാർജയിൽ എത്തുകയും രണ്ടാം തീയതി ദേവാലയം തുറന്ന് ദിവ്യബലി അർപ്പിക്കുവാൻ സാധിച്ചു എന്നുള്ളതും സന്തോഷത്തോടെ അറിയിക്കട്ടെ.

മാനേജിംഗ് കമ്മിറ്റിക്ക് വേണ്ടി,

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# അത്യാഗ്രഹം ആപത്ത്

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ സമുദായ ട്രസ്റ്റി)

ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചാലകശക്തിയാണ് ആഗ്രഹങ്ങൾ. മനസ്സിന്റെ താഴ്‌വാരങ്ങളിൽ മൊട്ടിടുന്ന മോഹങ്ങൾ പൂവണിയുവാൻ മനുഷ്യൻ അശ്രാന്തപരിശ്രമം ചെയ്യുന്നു. മാനവപുരോഗതിക്ക് തീവ്രമായ ആഗ്രഹവും അതു നിറവേറ്റാനുള്ള പ്രവർത്തനവും അനിവാര്യം തന്നെ. എന്നാൽ ആഗ്രഹങ്ങളും മോഹങ്ങളും അതിരു കടന്നാലോ?

അന്ധനായ ഒരു മനുഷ്യൻ ദൈവത്തെ പ്രസാദിപ്പിച്ച് വരം വാങ്ങിക്കുവാൻ തപസ്സു തുടങ്ങി. ഏറെനാൾ പിന്നിട്ടപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. നിനക്ക് എന്താണ് വേണ്ടതെന്നു ചോദിച്ചു. "ദൈവമേ ഞാനും എന്റെ ഭാര്യയും കുഞ്ഞുങ്ങളും കൂടെ ഒരു മേശയുടെ ചുറ്റുമിരുന്ന് സ്വർണ്ണത്തളികയിൽ സുഭിക്ഷമായി ആഹാരം കഴിക്കുന്നത് എന്റെ ഈ രണ്ടു കണ്ണുകൾ കൊണ്ട് ഞാൻ കാണണം". എത്രയെത്ര ആവശ്യങ്ങളാണ് ഈ അന്ധനായ മനുഷ്യൻ അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിവാഹം കഴിക്കണം, മക്കളുണ്ടാകണം, സ്വർണ്ണത്തളികയിൽ ആഹാരം കഴിക്കണമെങ്കിൽ അതിനു പറ്റിയ മനോഹര ഭവനവും സമ്പദ് സമൃദ്ധിയും ആവശ്യമാണ്. അതിനേക്കാളുപരി കാഴ്ചയും പ്രാപിക്കണം. ഈ അന്ധന്റെ ആഗ്രഹംപോലെയാണ് നമ്മുടെ സമൂഹത്തിലും സമുദായത്തിലുമുള്ള പലരുടെയും ആഗ്രഹം. ദൈവം നമ്മുടെ ആവശ്യങ്ങളറിഞ്ഞു പ്രവർത്തിക്കുന്നവനാണ്. പണവും പദവിയും, അസ്ഥിരമായിരിക്കെ അധികാരത്തിനായുള്ള അത്യാഗ്രഹവും പടവെട്ടും ആപത്തിലേക്ക് നയിക്കുന്നു. ദൈവം ലോകത്തു കണ്ടുവച്ച ഏറ്റവും ലഹരിയുള്ളത് മദ്യമല്ല, മയക്കുമരുന്നല്ല, കഞ്ചാവുമല്ല, അധികാരവും അത്യാഗ്രഹവും അഹങ്കാരവുമാണ്. അഹങ്കാരമുള്ളിടത്ത് ദൈവമില്ല. ദൈവമുള്ളിടത്ത് അഹങ്കാരവും.

അയൽവാസികളായ രണ്ടുപേർ, ഒരാൾ അസൂയാലു മറ്റെയാൾ ദുരാഗ്രഹി. രണ്ടുപേരും ദൈവത്തിൽ നിന്നും വരം പ്രാപിക്കുവാൻ കഠിനവ്രതം ആരംഭിച്ചു. രണ്ടുപേരും ഒരുമിച്ചിരുന്നു ദൈവത്തെ ധ്യാനിക്കുകയാണ്. കുറെനാൾ കഴിഞ്ഞപ്പോൾ ദൈവം പ്രത്യക്ഷപ്പെട്ടു. ദുരാഗ്രഹിയോട് നിനക്കെന്താണു വേണ്ടതെന്നു ചോദിച്ചു. "എന്റെ കൂട്ടുകാരൻ പറഞ്ഞതിനുശേഷം ഞാൻ പറയാം" എന്നവൻ പറഞ്ഞു. ഉടൻതന്നെ ദൈവം അസൂയാലുവിനോട് "നിനക്കെന്താണ് വേണ്ടത്" എന്നു ചോദിച്ചു. അങ്ങ് അവനോടല്ലേ ആദ്യം ചോദിച്ചത്. അവൻ ആദ്യം പറയട്ടെ. അതു കഴിഞ്ഞു ഞാൻ പറയാം. അവൻ മറുപടി പറഞ്ഞു. നിങ്ങൾ വരം വാങ്ങിക്കുവാൻ വന്നവരല്ല. ഞാൻ പോവുകയാണ് എന്നു പറഞ്ഞപ്പോൾ ദുരാഗ്രഹി ഇപ്രകാരം പറഞ്ഞു. കൂട്ടുകാരനു കൊടുക്കുന്നതിന്റെ ഇരട്ടി വരം എനിക്കു തന്നാൽ മതി. ഉടനെ അസൂയാലു ദൈവമേ എന്റെ രണ്ടു കണ്ണുകളിൽ ഒന്നിന്റെ കാഴ്ച ഇല്ലാതാക്കിയേക്ക്. അല്പ സമയം കഴിഞ്ഞപ്പോൾ ദൈവം നിങ്ങൾ രണ്ടുപേരും ആവശ്യപ്പെട്ടതുപോലെ ഭവിക്കട്ടെ എന്നു പറഞ്ഞു. ഉടൻ തന്നെ ദൈവം അപ്രത്യക്ഷമാവുകയും ചെയ്തു. അസൂയക്കാരന്റെ ഒരു കണ്ണുപൊട്ടി. ദുരാഗ്രഹിയുടെ രണ്ടു കണ്ണിനും കാഴ്ചയില്ലാതെയായി. ഒറ്റക്കണ്ണൻ രണ്ടു കണ്ണും പൊട്ടിയവനെ പരിഹസിച്ചു. സങ്കടം സഹിക്കാതെ വന്നപ്പോൾ അവൻ ഇരുന്ന കസേര എടുത്തു മറ്റവന്റെ നേർക്ക് എറിഞ്ഞു. അതവന്റെ കാഴ്ചയുള്ള കണ്ണിൽ പതിച്ചു. ആ കണ്ണും തകർന്നു. അങ്ങനെ രണ്ടുപേരും ഒരുപോലെ അന്ധരായി.

അർഹിക്കുന്നതേ ആശിക്കാവു. ഉള്ളിൽ തൃപ്തിപ്പെടണം. അതിമോഹം അപകടം ക്ഷണിച്ചുവരുത്തും. അത്യാഗ്രഹം ഉള്ളതുംകൂടെ നഷ്ടമാക്കും. മേൽപറഞ്ഞ കഥകൾ വ്യക്തമാക്കുന്നത് അതാണ്. അതിരുകടന്ന ആശകളാണ് ജീവിതത്തെ ദുസ്സഹമാക്കുന്നത്. അതിനെ നാം കടിഞ്ഞാണിട്ടു നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഏതു കാര്യവും ആശിക്കുന്നതിനു മുൻപേ എനിക്കർഹതപ്പെട്ടതാണോ എന്നു ചിന്തിച്ചു ഉചിതമായ തീരുമാനമെടുക്കുന്നതാണ് ഉത്തമം. ആശിക്കുന്നത് സ്വായത്തമാക്കുവാൻ ഏതു കുത്സിത മാർഗ്ഗങ്ങളും നാം സ്വീകരിക്കുന്നു. അതിന്റെ ഫലമായി നാം ആശിക്കുന്നതു നേടുന്നില്ല എന്നു മാത്രമല്ല സ്വന്തം ജീവിതം കൂടി നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ആശയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം എന്ന് ശ്രീബുദ്ധൻ ഉപദേശിക്കുന്നത് അതുകൊണ്ടാണ്. പൈഥഗോറസ് പറയുന്നു നിയന്ത്രിക്കാൻ കഴിയാത്ത മനുഷ്യൻ സ്വതന്ത്രനല്ല. മനുഷ്യന്റെ ആഗ്രഹം നിറവേറ്റുവാൻ ഭൂമിക്കു കഴിയും. അത്യാഗ്രഹം നിറവേറ്റുവാൻ അതിനു കഴിയില്ല. എത്ര കണ്ടാലും മതിവരാത്ത നല്ലൊരു പ്രപഞ്ചത്തെയാണ് ദൈവം നമ്മുടെ ആവാസത്തിനായി ഒരുക്കിത്തന്നിരിക്കുന്നത്. കണ്ണിനും കാതിനും ഇമ്പം പകരുന്ന കാനനങ്ങളും അണു മുതൽ ആന വരെയുള്ള ജീവിവർഗ്ഗങ്ങളും, തേൻകുടങ്ങളുമായി ശലഭങ്ങളെ വരവേൽക്കുന്ന പൂക്കളും ഒക്കെ ചേർന്ന് മനഷ്യന് ഒരു മഹാസ്വർഗ്ഗം പണിയുവാൻ വേണ്ടതെല്ലാം എത്ര കരുതലോടെയാണ് ദൈവം ഇണക്കിവച്ചിരിക്കുന്നത്. ഈശ്വരൻ തന്റെ വിഭവങ്ങൾ ഒന്നും തന്നെ ആർക്കു വേണ്ടിയും സംവരണം ചെയ്തു മാറ്റി വച്ചിട്ടില്ല. എല്ലാം എല്ലാവർക്കും. പക്ഷേ അതിമോഹിയായ മനു

ഷ്യന്റെ ചൂഷണം ഭൂമിയുടെ ആവാസവ്യവസ്ഥക്ക് ഭംഗം വരുത്തി മനുഷ്യനെ ആപത്തിലേക്കു നയിക്കുന്നു. പ്രകൃതിദുരന്തങ്ങളും കാലാവസ്ഥയിലെ പ്രകടമായ മാറ്റങ്ങളും മനുഷ്യന്റെ പ്രകൃതിയോടുള്ള ക്രൂരതയുടെ ബാക്കിപത്രമാണ്. സത്യം ഇതാണെന്നിരിക്കെ വ്യർത്ഥമായ ഉടമസ്ഥതക്കു വേണ്ടിയുള്ള പോരാട്ടങ്ങളും പോർവിളികളും ആഗ്രഹങ്ങളുമാണ് ലോകത്തെയും സമൂഹത്തെയും എക്കാലവും വിഭജിച്ചുകൊണ്ടിരിക്കുന്നതെന്നറിയാൻ കേവലം ചരിത്രവിജ്ഞാനം മാത്രം മതി. ഇന്ന് പടുവൃദ്ധനും പണമുണ്ടാക്കാനുള്ള അമിതാഗ്രഹത്തിൽ ഓടുകയാണ്.

പൊൻമുട്ടയിടുന്ന താറാവിന്റെ ഉടമസ്ഥനായ കർഷകന്റെ കഥ വളരെ പ്രചാരമുള്ളതാണല്ലോ. താറാവ് ദിനംപ്രതി ഒരു സ്വർണ്ണമുട്ട വീതം ഇടുമായിരുന്നു. അങ്ങനെ കർഷകൻ വലിയ ധനികനായി. അതിമോഹിയായ അയാൾ ദിവസവും ഓരോ സ്വർണ്ണമുട്ട നേടുന്നതിനേക്കാൾ ഒറ്റദിവസം കൊണ്ട് താറാവിന്റെ വയറ്റിലുള്ള എല്ലാ മുട്ടകളും കൈവശപ്പെടുത്തണമെന്ന് തീരുമാനിച്ചു. ക്ഷമ നശിച്ച അത്യാഗ്രഹിയായ അയാൾ ഒരു കത്തിയെടുത്ത് താറാവിന്റെ വയറു കീറിമുറിച്ചു. വയറ്റിൽ ഒരു സ്വർണ്ണ മുട്ടപോലും കണ്ടെത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. മാത്രമല്ല എല്ലാ ദിവസവും ഒരു സ്വർണ്ണമുട്ട വീതം ഇട്ടിരുന്ന താറാവു ചത്തും പോയി. അതിമോഹം അപകടത്തിലേക്കു നയിച്ചു. മഹാനായ അലക്സാണ്ടർ ചക്രവർത്തി തന്റെ വിൽപ്പത്രത്തിൽ എഴുതിയിരിക്കുന്ന ശ്രദ്ധിക്കുക. ലോകം മുഴുവൻ കീഴടക്കിയ ഞാൻ അന്ത്യയാത്രയിൽ ഒന്നും കൊണ്ടു പോകുന്നില്ല എന്നു ലോകർ മനസ്സിലാക്കണം. അതിനായി എന്റെ ഇരുകൈകളും ശവമഞ്ചത്തിനു പുറത്തേക്ക് നീട്ടിയിരിക്കണം. വിൽപ്പത്രപ്രകാരം ചക്രവർത്തിയുടെ ഇരുകരങ്ങളും ശവപ്പെട്ടിക്കു വെളിയിലേക്കു നീട്ടിവച്ചാണ് നഗരപ്രദക്ഷിണം നടത്തിയത്. ഇത് ലോകത്തിന് മഹാനായ ചക്രവർത്തി നൽകിയ വലിയ ഒരു സന്ദേഹമാണ്. യേശുക്രിസ്തു പറഞ്ഞു "സകല ദ്രവ്യാഗ്രഹങ്ങളിൽ നിന്നും അകന്നിരിക്കുക. മനുഷ്യജീവിതം സമ്പത്തു കൊണ്ടല്ല സ്നേഹവും സൗഹൃദവും കൊണ്ടാണ് ധന്യമാകുന്നത്. ആയതിനാൽ അർഹതയില്ലാത്ത അത്യാഗ്രഹങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ മനുഷ്യനു സാധിച്ചാൽ സമൂഹത്തിലും സമുദായത്തിലും സ്നേഹവും സമാധാനവും പുലരുമെന്നതിൽ സംശയമില്ല.

# കൂനൻകുരിശ് സത്യസ്മാരകം




വി. ക്നായിതോമ്മായുടെ നേതൃത്വത്തിൽ A.D.325 ൽ കൊടുങ്ങല്ലൂർ നടന്ന ക്നാനായ കുടിയേറ്റത്തിന് അന്നത്തെ രാജാവായ ചേരമാൾ പെരുമാൾ പദവികൾ അടങ്ങിയ ചെപ്പേട് കൊടുക്കുന്ന സ്മാരകവും

1653 -ാം മാണ്ട് ജനുവരി 3 ന് മട്ടാഞ്ചേരിയിൽവച്ച് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിൽ നടന്ന കൂനൻകുരിശ് സത്യപ്രതിജ്ഞയുടെ സ്മാരകവും കൂടി 2018 ൽ കല്ലിശ്ശേരി പള്ളിയുടെ അങ്കണത്തിൽ ദൈവകൃപയാൽ നിർമ്മിക്കുവാൻ സാധിച്ചു

എന്ന് രാജു നെടുവേലിൽ കല്ലിശ്ശേരി




## മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ യോഗം



മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ യോഗം ചിങ്ങവനം മാർ അപ്രേം സെമിനാരിയിൽ പ്രസിഡന്റ് ഫാ. V.A. എബ്രഹാം ഇളയശ്ശേരിയുടെ അധ്യക്ഷതയിൽ നടന്നു. സാബു കണ്ണാടിപ്പുഴ, രഞ്ജു ചാക്കോ കോഴിമറ്റത്തിൽ, വൈദിക ട്രസ്റ്റി ഫാ. M.C. സഖറിയാ മധുരംകോട്ട്, സജി താന്നിക്കൽ, ട്രസ്റ്റി T.C. തോമസ് തോപ്പിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ലിനു വരാത്ര, ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, തോമസ്കുട്ടി തേവരുമുറിയിൽ, ഉതുപ്പാൻ ജോസഫ് വള്ളപ്പുരക്കൽ, ടിജു എബ്രഹാം തോട്ടുപുറത്ത്, ജോബി ജോസഫ് കാരിക്കോട്ട് എന്നിവർ സമീപം.

# ദൈവവിളി ക്യാമ്പ് 2024



ആഗോള ക്നാനായ സൺഡേ സ്കൂൾ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ദൈവവിളി ക്യാമ്പ് 2024 ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിൽ **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു. ഡീക്കൻ ഹെൻറി, ഡീക്കൻ ജോജോ, ഫാ. ജിനു കുരുവിള, ഫാ. മോനായി കെ. ഫിലിപ്പ്, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. മാത്യു കുരുവിള എന്നിവർ സമീപം.

# കലാസന്ധ്യ 2024



ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ ദേവാലയത്തിൽ നടന്ന കലാസന്ധ്യ 2024 കേരളത്തിന്റെ **ബഹു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ്** ഉദ്ഘാടനം ചെയ്യുന്നു. ജിബിൻ കൊറ്റുചാലിൽ, ഷിജു കുറുപ്പൻ പറമ്പിൽ, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻ പുരയ്ക്കൽ, റാന്നി മുൻ എം. എൽ. എ. രാജു എബ്രഹാം, ടിഞ്ചു മണ്ണേട്ട്, ജോമോൻ വടക്കയിൽ, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ബിനോജ് കുറിയാക്കോസ് തുണ്ടിയിൽ, ബൈജുമോൻ ചാക്കോ പുലയകുന്നിൽ, ബിനോയി ചെട്ടിപറമ്പിൽ, ഷിനോദ് പ്ലാംകൂട്ടത്തിൽ, നിഖിൽ പടിയറ എന്നിവർ സമീപം.

# പരിസ്ഥിതി ദിനാചരണം



ക്നാനായ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ചുള്ള വൃക്ഷത്തൈ വിതരണോദ്ഘാടനം **ക്നാനായ സമുദായ വലിയ മെത്രാപ്പോലിത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി** ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് കല്ലുകുളം, റ്റി. സി. തോമസ് തോപ്പിൽ, ഫാ. ഏലിയാസ് സ്കറിയ ഇളവൻകളം, റോയ് പുത്തൻപുരയ്ക്കൽ, അനീഷ് റ്റി. സി. തകിടിയിൽ, ഫാ. ജിജി പുത്തൻപുരയ്ക്കൽ, ഫാ ഷെറിൻ സി കൊല്ലംപറമ്പിൽ, സുമിത്ത് മാക്കോന്തറ, രാജു മരങ്ങാട്ട്, ജോയൻ ഇടശ്ശേരിയിൽ എന്നിവർ പ്രസംഗിച്ചു

*Happy 70th wedding anniversary*

(24/05/2024)

*"What can I give the Lord for all that he has done for me? He saved me, so I will give him a drink offering and I will call on the Lord's name"*

*(Psalms 116:12-13)*



**THANKAMMA ITTIAVIRAH & K.I. ITTIAVIRAH**

Kochethu, Aythala, Ranni

Best compliments from children and grandchildren

Advt - O



lour

## വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ കിഴക്കേതുണ്ടിയിൽ Mr. ഉണ്ണിട്ടൻ ഏബ്രഹാമിന്റെയും (അനിയൻ) L/o Mrs. മേരിക്കുട്ടി ഉണ്ണിട്ടന്റെയും മകൻ **അജോജി ഉണ്ണിട്ടനും** റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകയിൽ മഞ്ഞുമാങ്കൽ Mr. എം.സി. സജിയുടെയും Mrs. സുനു സജിയുടെയും മകൾ **[illegible] സജിയും** തമ്മിലുള്ള വിവാഹം 6/05/2024–ൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽ **അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ** മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

*Happy 70th birthday (June 2) to Mummy and 50th Wedding Anniversary to Pappa and Mummy (June 30).*

**Mr. THOMAS CHANDY and Mrs. MOLLY CHANDY**

Pulliyil House, Chingavanam

*Thanking God for blessing us with such wonderful parents!*

Inserted by:
Smitha, Siji, Dion and Deron, Thazhathel Parayail
Smija, Shelly and Arlene, Kuttisseril
Sminu, Jitty, Sachiel and Johana, Nedungathara

Advt -O





## *Hearty Congratulations*

Indian Space Research Organisation (ISRO) announced on May 30th 2024, that Chennai based startup Agnikul Cosmos has successfully launched their first rocket. Agnikul test fired Agnibaan SOrTeD (Sub Orbital Tech Demonstrator), which is powered by an engine that ISRO is still trying to master. This was the first controlled ascent flight by a private launch vehicle maker in India and was specially commended by Prime Minister Narendra Modi.

**Kevin Abraham Cherian**, S/o Cherian Abraham and Helen Cherian from Adichira family, members of St. Mary's Knanaya Church Kuttoor, has been working at Agnikul Cosmos since 2020. He has completed a Bachelor's in Electrical Engineering and Masters in Robotics, both from IIT Madras. Currently he is the Executive Lead of the Flight Dynamics and Controls division, responsible for designing rocket trajectories and controlling the rocket in it's path. With a completely indigenous vehicle design, the rocket successfully lifted off on May 30th 2024 and is a significant milestone for Agnikul and even more so for the Indian space sector.

*Hearty congratulations to Kevin for this brilliant achievement!*

Advt - O




Advt - O



# വിദ്യാഭ്യാസം: നമ്മുടെ കുട്ടികളെ പറ്റിക്കുകയാണോ?

സുനിൽ ഡി. കുരുവിള

അങ്ങനെ വിശ്വസിക്കാൻ കാരണങ്ങളുണ്ട്. കൊച്ചു കുഞ്ഞുങ്ങളെ എടുക്കാം. വളരെ ചെറിയ പ്രായത്തിൽ തന്നെ അവരെ സ്കൂളിലാക്കുന്നു. അഞ്ച് വയസ്സിനു മുൻപു തന്നെ അവരെ പരീക്ഷയും പഠന സമ്മർദ്ദവും ഒക്കെയായി ബുദ്ധിമുട്ടിക്കുന്നു. ചെറിയ വയസ്സിൽ തന്നെ മത്സരവും അനാവശ്യ താരതമ്യവും എന്തിനു ട്യൂഷൻ വരെ ആരംഭിക്കുന്നു! കുട്ടികളുടെ ആരോഗ്യ മാനസിക വളർച്ച, വൈകാരിക ആവശ്യങ്ങൾ, സ്വഭാവ പ്രശ്നങ്ങൾ എന്നിവ ആരും ശ്രദ്ധിക്കുന്നില്ല. കുട്ടികളുടെ സമഗ്രമായ വളർച്ച ഉറപ്പുവരുത്തേണ്ടത് State ന്റെ കടമയാണ്. ബാല്യം സന്തോഷ പൂർണ്ണമായില്ലെങ്കിൽ അത് പിന്നീടുള്ള അവരുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കാം. ഗുണമേന്മയുള്ള പേരന്റിംഗും നിലവാരമുള്ള സ്കൂളും എല്ലാം കുട്ടികളുടെയും അവകാശമാണ്.

പലപ്പോഴും കുട്ടികൾക്ക് പോഷക സമൃദ്ധമായതും വിഷരഹിതവുമായ ആഹാരംപോലും ഉറപ്പാക്കാൻ കഴിയുന്നില്ല. ജംഗ് ഫുഡും അമിതമായി കുട്ടികൾ കഴിക്കുന്നു. വെള്ളം ആവശ്യത്തിന് കുട്ടികൾ കുടിക്കുന്നുണ്ടോ? ടോയ്ലെറ്റിലും മറ്റും അവർ സ്ഥിരമായി പോകുന്നുണ്ടോ? വ്യായാമം ഉണ്ടോ? ഹാപ്പിയാണോ? ഇതൊക്കെ ശ്രദ്ധിക്കാനും ആവശ്യമെങ്കിൽ parents നു നല്ല ഗൈഡൻസ് കൊടുക്കാനും വിദ്യാഭ്യാസത്തിനു കഴിയണം. സ്കൂളുകൾ വിളക്കുമരങ്ങളായി ശോഭിച്ചാൽ മാത്രമേ തലമുറ ഗുണമേന്മയുള്ളതാകൂ. മാനസിക പ്രശ്നങ്ങൾ ADHD പഠനവൈകല്യം ഒക്കെ വിദ്യാഭ്യാസത്തിനു കണ്ടില്ല എന്ന് നടിക്കാൻ സാധിക്കുമോ? കുട്ടികൾക്ക് ഉറക്കമില്ല. വളരെ ചെറിയ പ്രായത്തിൽ തന്നെ അമിതമായ സ്ക്രീൻ ഉപയോഗം കുട്ടികളിൽ ശാരീരിക മാനസിക പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. കളിയില്ല, കൂട്ടുകാരില്ല, സമയമില്ല അവരെ കേൾക്കാനാളില്ല. പല കുട്ടികളും ഒരു വൈകാരിക അനാഥത്വം അനുഭവിക്കുന്നു.

ലോകം മുഴുവൻ ഇന്ന് പ്രൈമറി ക്ലാസ്സ് കുട്ടികളെ ഹാപ്പിയാക്കാനാണ് ശ്രമിക്കുന്നത്. അതുമാത്രമാണ് ലോകസമാധാനത്തിലേക്കുള്ള വഴി. അത് കുറെ അറിവ് കുത്തിനിറച്ചതുകൊണ്ട് നേടിയെടുക്കാൻ കഴിയില്ല കുറെ physical സാഹചര്യങ്ങൾ ഒരുക്കിയതുകൊണ്ടു നേടാൻ കഴിയില്ല. സാങ്കേതികമായ കുറെ പദ്ധതികളും സ്മാർട്ട് ക്ലാസ്സും ഒന്നും മതിയാകില്ല. നല്ല മികവുള്ള സന്തോഷമുള്ള അധ്യാപകർ തന്നെ മുന്നിൽ നിന്ന് നയിക്കണം. ഇവിടെയാണ് പ്രൈമറി വിദ്യാഭ്യാസത്തിന്റെ ദാരിദ്ര്യവും!

ഒരു കുഞ്ഞിന്റെ അടിസ്ഥാനം രൂപപ്പെടേണ്ട സമയമാണ് പ്രൈമറി ക്ലാസ്സുകൾ. അവിടെ ഏറ്റവും മികച്ച അധ്യാപകർ അവരെ നയിക്കേണ്ടതുണ്ട്. ഒപ്പം മാതാപിതാക്കളെയും ഒരുക്കിയേ തീരൂ.

കുട്ടികൾ ടീനേജിലേക്കു കടന്നുകഴിഞ്ഞാൽ ആരും കാര്യമായി ശ്രദ്ധിക്കുന്നില്ല. ആറു മുതൽ എട്ടുവരെയുള്ള ക്ലാസ്സുകൾ തികച്ചും പരിതാപകരമാണ്. അവരുടെ വളർച്ച ആവശ്യങ്ങൾ ആരും തിരിച്ചറിയുന്നില്ല. കുട്ടികളിൽ ഏറ്റവും കൂടുതൽ ശാരീരിക വൈകാരിക മാറ്റങ്ങൾ സംഭവിക്കുന്ന സമയം. അവരെ വളരെ സ്വാധീനിക്കേണ്ടതുണ്ട്. പലപ്പോഴും അവരെ കേൾക്കാനോ അവരുടെ മനോവ്യാപാരങ്ങൾ അറിയാനോ ആരും മിനക്കെടുന്നില്ല. ആർക്കും സമയമില്ല! അദ്ധ്യാപകർ Syllabus തീർക്കാനുള്ള ഓട്ടത്തിലാണ്. പലപ്പോഴും ഒരു സ്കൂൾ സിസ്റ്റത്തിലെ ഏറ്റവും weak ആയ അദ്ധ്യാപകരായിരിക്കും ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുക. വ്യക്തിത്വ വികസനം ഏറ്റവും നന്നായി നടക്കേണ്ട പ്രായം... പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കാഴ്ചപ്പാടില്ലെങ്കിൽ കുട്ടികളുടെ ജീവിതം ദരിദ്രമാകും.

ഈ പ്രായത്തിലാണ് കുട്ടികൾ സൗഹൃദങ്ങൾ തേടുന്നതും സെൽ ഫോൺ കൂടുതലായും ഉപയോഗിക്കുന്നതും. നല്ല മൂല്യബോധവും അച്ചടക്കവുമില്ലാത്ത കുട്ടികൾ വഴിതെറ്റാൻ വളരെ സാധ്യതയുണ്ട്. അദ്ധ്യാപകരും മാതാപിതാക്കളും കൈ കോർക്കേണ്ട സമയം. കളിയും കലയും സാംസ്കാരിക പ്രവർത്തനവും ഒക്കെ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കണം. അവരെ ബഹുമാനിക്കുകയും കൂടുതൽ ചേർത്ത് പിടിക്കുകയും വേണം! പഠിക്കുന്ന കുട്ടികളെ മാത്രമല്ല എല്ലാ കുട്ടികളെയും വിലയുള്ളവരായി കാണണം. അവർക്കു വിലയുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തണം. താരതമ്യം അരുത്. Favouritism അവർ ഒട്ടും സഹിക്കില്ല. എല്ലാ കുട്ടികളെയും ഉൾക്കൊള്ളാൻ കഴിയും വിധം വൈവിധ്യങ്ങൾ വിദ്യാഭ്യാസത്തിൽ ഉണ്ടാകണം. ചെസ്സുകളിക്കുന്ന കുട്ടിക്കും ഓട്ടക്കാരനായ കുട്ടിക്കും തമാശ പറയുന്ന കുട്ടിക്കും ഇടമുള്ള ക്യാമ്പസ്. സ്നേഹവും അംഗീകാരവും കിട്ടാതെ വീട്ടിൽ നിന്ന് വരുന്ന കുട്ടി സ്കൂളിൽ എങ്കിലും അവഗണിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കുക.

സാംസ്ക്കാരിക ബോധവും ചരിത്രബോധവും പരിസ്ഥിതി ബോധവും ഒക്കെ അവരിൽ സൃഷ്ടിക്കാൻ ഏറ്റവും മെച്ചപ്പെട്ട സമയം..... അദ്ധ്യാപകരിൽ ഇല്ലാത്ത മൂല്യങ്ങളും ബോധങ്ങളും ഒന്നും കുട്ടികളിൽ സൃഷ്ടിക്കാൻ കഴിയില്ല എന്ന് മാത്രം! അദ്ധ്യാപകരെ കുട്ടികളെ മനസ്സിലാക്കാനും അവരെ influence ചെയ്യാനും നന്നായി പരിശീലിപ്പിച്ചേ പറ്റൂ. Subjects പഠിപ്പിക്കാൻ മാത്രം അറിയാവുന്ന അദ്ധ്യാപകർ ഈ കാലഘട്ടത്തിൽ ബാധ്യതയാകും. കുട്ടികളോട് പോസിറ്റീവ് ആയി പെരുമാറാനും വൈകാരിക ബുദ്ധിശക്തിയോടെ ഇടപെടാനും നല്ല ശതമാനം അദ്ധ്യാപകർക്കും അറിയില്ല. കുട്ടികളെ ബഹുമാനിച്ചാൽ അവരും ബഹുമാനിക്കും! ഇന്ന് നടക്കുന്ന അദ്ധ്യാപക പരിശീലനങ്ങൾ എത്രകണ്ട് ഗുണമേന്മയുള്ളതാണ്? ഈ ലക്ഷ്യങ്ങൾ നേടാൻ പ്രാപ്തമാണ്? ജോണിനെ കണക്കു പഠിപ്പിക്കാൻ ഇന്ന് കണക്കുമാത്രം അറിഞ്ഞാൽ പോരാ... ജോണിനെ അറിയണം. കണക്കു Google ലും യൂട്യൂബിലും വേണമെങ്കിലും ലഭിക്കും... ജോണിനെ

(ശേഷം പേജ് 17-ൽ)

# ലഹരിയുടെ സ്വാധീനം

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

"പ്രതിയോഗിയായ പിശാച് അലറുന്ന സിംഹംപോലെ തിരഞ്ഞു നടക്കുന്നു" (1 പത്രോസ് 5:8). ലഹരിയുടെ സ്വാധീനം ഇന്നത്തെ തലമുറയെ തകർത്തുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇന്നത്തെ ജീവിത രീതികൾ. ഇതിന്റെ ഉപയോഗം പ്രായഭേദമെന്യേ പകർച്ചവ്യാധിപോലെ പടർന്നു പിടിച്ചുകൊണ്ടിരിക്കയാണ്. ജീവിതം വഴിമദ്ധ്യേ ഹോമിക്കപ്പെടുന്നു. സ്ത്രീകളും കുഞ്ഞുങ്ങളും പീഡിപ്പിക്കപ്പെടുന്നു. മാതാപിതാക്കൾ നെടുവീർപ്പോടെ വിധിയെ പഴിച്ചു ജീവിക്കുന്നു. ലഹരി വിമുക്ത ക്നാനായ സമുദായം നമുക്കു സ്വപ്നം കാണാൻ പറ്റുമോ.

പാഠം 1: വീട്ടിൽ നിന്നുതന്നെ ആരംഭിച്ചാൽ സ്വപ്നം പൂവണിയുമായിരിക്കും. വീട്ടിലേതു കഴിഞ്ഞേ ഉള്ളു പരിസരവും കലാലയവുമൊക്കെ. ക്നാനായക്കാരെ സംബന്ധിച്ചിടത്തോളം കല്യാണവും ചന്തംചാർത്തും മാമോദീസായുമൊക്കെ മദ്യമില്ലെങ്കിൽ പിന്നെ ബോറാണ്. അപ്പന്മാർ ഒരിടത്തുകൂടും മക്കളു വേറൊരിടത്തു കൂടും. ചിലടത്തൊക്കെ ഒന്നിച്ചുതന്നെയാണ്. അപ്പൻ കുടിച്ച ഗ്ലാസിൽ മോനും കുടിക്കും. ഇന്ന് അതൊരു ഫാഷനാണ്. വിശേഷ ദിവസങ്ങളിൽ ഇതിനായി ഒരു സ്ഥലം ഒരുക്കി വയ്ക്കും. ഇതില്ലാത്ത വീട്ടുകാർ പിശുക്കന്മാരാണ്, ബോറന്മാരാണ് എന്നുള്ള അവസ്ഥയാണ്. ഇതൊക്കെ നിൽക്കുന്ന ഒരു കാലഘട്ടമുണ്ടാകുമോ. അങ്ങനെ ഒരുകാലമുണ്ടായാൽ ലഹരി വിമുക്തമാക്കാം. പിതാവിന്റെ മദ്യപാനം മക്കളെ എത്രമാത്രം ബാധിക്കുന്നു എന്ന് ഉല്പത്തി 9:20–25 വായിച്ചാൽ മനസ്സിലാകും. നോഹ വീഞ്ഞു കുടിച്ചു ലഹരി പിടിച്ച് തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. നഗ്നത കാണാനിടയായ ഇളയ മകൻ ഹാം ശാപഗ്രസ്ഥനാകുകയും പിതാവിന്റെ നഗ്നത കാണാതെ പുറകോട്ട് നടന്നുചെന്ന് പിതാവിന്റെ നഗ്നത മറച്ച ശേമും യാഫെത്തും അനുഗ്രഹിക്കപ്പെട്ടവരാകുകയും ചെയ്തു. ഒരു മകൻ ശപിക്കപ്പെടുന്നു, മറ്റു രണ്ടുമക്കൾ അനുഗ്രഹിക്കപ്പെടുന്നു. തെറ്റു ചെയ്തത് അപ്പൻ, ശപിക്കപ്പെട്ടത് മകൻ. പിതാവിന്റെ മദ്യപാനം മക്കളെ എത്രമാത്രം ബാധിക്കുന്നു എന്ന് ഈ ഭാഗം സൂചിപ്പിക്കുന്നു. മദ്യപിച്ചു ലക്കുകെട്ട പിതാവ് തന്റെ പെൺമക്കളോടൊപ്പം ശയിച്ചതും ഗർഭിണികളായതും അതിലൂടെ ഉണ്ടായ മക്കളും അവരുടെ പിൻതലമുറക്കാരായ മോവാബ്യരും അമ്മോന്യരും എക്കാലത്തും യിസ്രായേലിന്റെ ശത്രുക്കളായതും. ഇതൊക്കെ മദ്യലഹരിയിൽ നിന്നുളവായി (ഉല്പത്തി 19:32–38).

മദ്യത്തിന്റെ ദുരന്തങ്ങളെക്കുറിച്ച് ബൈബിളിൽ പലയിടത്തും പറയുന്നുണ്ട്. മദ്യപാനിയെ തള്ളിക്കളയുവാനും ഉപേക്ഷിക്കുവാനും നമുക്ക് അവകാശമില്ല. കാണാതെപോയ ആടിനെ തേടി ചെല്ലുകയും വീണ്ടെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ സ്നേഹവും കരുതലുമാണ് നമുക്കു മാർഗ്ഗദർശനം. പാപിയെ സ്നേഹിക്കുകയും പാപത്തെ വെറുക്കുകയും ചെയ്യുന്ന കർത്താവിന്റെ മനോഭാവത്തോടെ മദ്യസംസ്ക്കാരത്തെ എതിർക്കുകയും മദ്യപാനിയെ വീണ്ടെടുക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ പങ്കുചേരണം. മദ്യത്തിലേക്കും ലഹരിയിലേയ്ക്കും നമ്മളും നമ്മളുടെ തലമുറകളും വീണു പോകാതിരിപ്പാൻ മുന്നറിയിപ്പുകളും ബോധവത്ക്കരണവും നല്കുന്നവരായി ഓരോരുത്തരും തീരണം. ഞാൻ നന്നായാലേ എന്റെ കുടുംബവും നന്നാവൂ. എന്റെ കുടുംബം നന്നായാലേ ഞാൻ ഉൾപ്പെടുന്ന സമൂഹം നന്നാവൂ. സമൂഹം നന്നായാലേ നമ്മുടെ ദേശം നന്നാവൂ എന്നുള്ള ചിന്ത നമ്മളിൽ എപ്പോഴും ഉണ്ടായിരിക്കണം. ലഹരിയാസ്തിക്കാരോടുള്ള സമീപനം എങ്ങനെയെന്ന് നമുക്ക് നോക്കാം. ഞാനുൾപ്പെടെ കൂടുതൽ ആൾക്കാരും ലഹരിയാസക്തരോടും അവരുടെ കുടുംബങ്ങളോടും അകൽച്ച കാണിക്കും. എന്നാൽ അവരോട് സ്നേഹത്തോടെ പെരുമാറാൻ പഠിക്കുക. ലഹരിയാസക്തരുടെ ഇടയിൽ പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരുടെ ഒരു കൂട്ടായ്മ നമ്മുടെ ഇടയിൽ ഉണ്ടാക്കുക. എന്നിട്ട് ഒന്നിച്ചുകൂടി പ്രാർത്ഥന, നല്ല നല്ല സാമൂഹ്യപ്രവർത്തനങ്ങൾ ഒക്കെ ചെയ്യുക. ഈ മേഖലയിൽ അറിവുള്ളവരുടെ അരികിൽ പോയി കൂടുതൽ കാര്യങ്ങൾ പഠിക്കുക. ലഹരിയാസക്തർ ചികിത്സയ്ക്കു തയ്യാറായാൽ ഒരു അംഗീകൃത ചികിത്സാകേന്ദ്രത്തിൽ എത്തിക്കാൻ നമ്മൾ ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്. ചിലവുകൾ ഓർത്തും നമ്മുടെ ആരുമല്ലാന്നോർത്തും നാം അതിനു മുതിരുകയില്ല. ഇടവകതലത്തിലാണെങ്കിലും നമുക്ക് അതിനുവേണ്ടിയുള്ള ഒരു കൂട്ടായ്മവേണം. നമ്മുടെ തലമുറയെയും, നമ്മളും രക്ഷിക്കപ്പെടുവാനുള്ള അവസരമാണ്. അതിനുവേണ്ടി എത്ര പണം മുടക്കിയാലും അത് നഷ്ടമല്ല. തലമുറ രക്ഷപ്പെടുന്നില്ലായെങ്കിൽ പണം കൊണ്ടു എന്തു പ്രയോജനം.

നമ്മുടെ മക്കൾ നമ്മുടെ തന്നെ ജീനാണെന്നുള്ള കാര്യം ആരും ചിന്തിക്കുന്നില്ല. നമ്മുടെ പകർപ്പുതന്നെയാണ് നമ്മുടെ മക്കൾ. നമ്മുടെ മക്കൾക്ക് മാറ്റം വരണമെങ്കിൽ നമ്മളു നന്നായി നടക്കുന്നത് അവരു കാണണം. പ്രായമായി കഴിഞ്ഞിട്ട് അവരു കണ്ടിട്ട് വലിയ പ്രയോജനം ഉണ്ടാകുന്നില്ല. മദ്യാസക്തി പാരമ്പര്യമായി പകർന്നു കിട്ടാവുന്ന ഒരു രോഗമാണ്. മുതിർന്നവർ മദ്യം ഉപയോഗിക്കുന്നത് കണ്ടു വളരുന്ന കുട്ടികൾ ഈ ശീലം അനുകരിക്കുവാൻ സാദ്ധ്യത ഏറെയാണ്. മരണസമയവും മനുഷ്യൻ ആഘോഷമായി മാറ്റുകയാണ്. ഇന്നു മരണവീടുകളിൽ മദ്യം സർവ്വസാധാരണമാണ്. കള്ളൻ കപ്പലിൽ തന്നെയാണ്. വീട്ടിലുള്ളവർ തന്നെ ശത്രുക്കളായി മാറുകയാണ്. കാരണം വീട്ടിലുള്ള മുതിർന്നവരല്ലേ ചെറുപ്പക്കാരെ നശിപ്പിക്കുന്നത്. ചെറുപ്പത്തിൽ എന്റെ മകൻ എന്നോടു പറഞ്ഞത് മമ്മീ ഓണം കടുവാകളിയാണ്. ക്രിസ്തുമസ് പടക്കം പൊട്ടിക്കലാണ്. ഈസ്റ്റർ പൂസാകലാണ്. അവൻ കണ്ട അറിവ് അതാണ്. സമുദായം അധഃപതിച്ചുകൊണ്ടിരിയ്ക്കാൻ കാരണം നമ്മളുതന്നെയാണ്. ആർക്കു സങ്കടം ആർക്കു കഷ്ടം.... മദ്യം രുചിച്ചു നോക്കുവാൻ പോകുന്നവർക്കു തന്നെ (സദൃ.29-30). ഒരുത്തൻ നന്മയ്ക്കുപകരം തിന്മ ചെയ്യുന്നു എങ്കിൽ അവന്റെ ഭവനത്തേ തിന്മ വിട്ടുമാറുകയില്ല (സദൃ.17–13). "അവനെ ഭയ

പ്പെടുന്നവർക്കു അവന്റെ കരുണ തലമുറ തലമുറയോളം നിൽക്കും (ലൂക്കോ.1-50).

ഞാൻ കണ്ടിട്ടുള്ള ഒരു വീട്ടിലെ കാര്യമാണ് ഞാനെഴുതുന്നത്. പേര് എഴുതുന്നില്ല. ആ വീട്ടിലെ കൊച്ചുകുഞ്ഞുങ്ങൾപോലും എല്ലാ ആഴ്ചയിലും കുർബ്വാന അനുഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവിടുത്തെ ഒരു കൊച്ചുകുട്ടി അന്നേരം അതിനു രണ്ടു വയസ്സുകാണും. അച്ചൻ തലയ്ക്കു പിടിക്കാൻ താമസിച്ചതിന് പറയാൻ അറിയത്തില്ല. അച്ചന്റെ കുപ്പായത്തേൽ തൊട്ടിട്ട് അവന്റെ തലയിൽ കൈവച്ചു കാണിക്കുന്നു. അവിടുത്തെ മുതിർന്നവരും മറ്റെല്ലാവരും പുറത്തിറങ്ങിക്കഴിഞ്ഞ് മദ്ബഹായിലോട്ട് നോക്കി പ്രാർത്ഥിക്കുന്നതും കണ്ടിട്ടുണ്ട്. കുഞ്ഞിലെ മുതലെ ഈ കുഞ്ഞുങ്ങൾ ആഹാരം കഴിക്കുന്നത് വി. കുർബ്വാന കഴിഞ്ഞാണ്. മാതാപിതാക്കൾ പഠിപ്പിച്ചത് അതാണ്. അതവരുടെ ആത്മീയ ലഹരിയാണ്. ആ വളർന്നു വരുന്ന കുഞ്ഞങ്ങൾ എങ്ങനെ ലോകത്തിന്റെ ലഹരിയ്ക്ക് അടിമയാകും. കാരണം ദൈവഭയത്തിൽ വളർത്തി.

സ്കൂളിൽ യൂത്ത്ഫെസ്റ്റിവൽ നടക്കുന്ന ദിവസം സന്ധ്യയായിട്ടും 8-ാം ക്ലാസ്സുകാരനായ തന്റെ മകനെ കാണാതായപ്പം മാതാപിതാക്കൾക്ക് ആധിയായി. കൂട്ടുകാരെയൊക്കെ വിളിച്ചപ്പോൾ എല്ലാവരും വീട്ടിൽ വന്നു. പരിഭ്രാന്തരായ അപ്പനും അമ്മയും സ്കൂളിൽ ചെന്നപ്പോൾ സ്കൂളെല്ലാം അടച്ചു. തങ്ങളുടെ കുഞ്ഞ് എന്തിയേന്ന് സ്കൂൾ പരിസരത്തൊക്കെ തിരക്കി നടക്കുമ്പോൾ സ്കൂൾ പരിസരത്തിന്റെ അറ്റത്ത് കുറെ മുതിർന്ന കുട്ടികളുടെ കൂടെ കുപ്പിയും ഗ്ലാസുമൊക്കെ നിരത്തി മദ്യപാനത്തിൽ മുഴുകിയിരിക്കുകയാണ്. മാതാപിതാക്കൾക്ക് വേവലാതിയായി ചോദിച്ചപ്പോൾ മകൻ പറയുകയാണ് അച്ചൻ കാണിച്ചതല്ലേ ഞാനും ചെയ്തുള്ളൂ. അച്ചൻ ഇന്നലെ വീട്ടിൽ വരാൻ താമസിച്ചപ്പോൾ കാണാഞ്ഞ് ഞാനും അമ്മയും കൂടി അച്ചനെ തിരക്കിയിറങ്ങിയപ്പോൾ ഒരു കടത്തിണ്ണയിൽ ഇരുന്നു കള്ളും കുടിച്ച് ചീട്ടും കളിച്ചിരിക്കുന്നതു ഞാൻ കണ്ടതല്ലോ. അമ്മ ഒന്നും പറഞ്ഞില്ലല്ലോ. പിന്നെന്താ ഇതിനു കുഴപ്പം. അപ്പനും അമ്മയ്ക്കും മകനു കൊടുക്കുവാൻ തക്ക മറുപടി ഒന്നുമില്ലായിരുന്നു. “അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ” (യെശ.1:4). വിതച്ചതേ കൊയ്യാൻ പറ്റുകയുള്ളൂ. വരുന്ന തലമുറകൾ നശിക്കാതിരിക്കണമെങ്കിൽ കുടുംബം നന്നാവണം. എന്തിനോടു കൂടുതൽ ആസക്തി കാണിക്കുന്നുവോ അത് ആ ശരീരത്തിന്റെ ലഹരിയാണ്. ഇന്റർനെറ്റിന്റെ ദുരുപയോഗം യുവതലമുറയേ നാശത്തിലേയ്ക്ക് തള്ളിക്കളയുന്നു. ചിലർ ഡ്രസ്സിലും ആഡംബരത്തിലും. അങ്ങനെ എത്രയോ കുടുംബങ്ങൾ ഇന്ന് ഏതെല്ലാം തരത്തിൽ ദാരിദ്ര്യത്തിലേയ്ക്ക് കുപ്പു കുത്തുന്നു. വീഡിയോ ഗെയിം ഒരു ലഹരിയാണ്. കൊച്ചുപിള്ളേരുടേതാണ്. ഇതിൽ നിന്ന് ഉണരാൻ സഭയായും കുടുംബമായും കൂട്ടായ്മയായും ഒരുപോലെ പ്രവർത്തിക്കണം. ലഹരി വിമുക്തമാക്കുവാൻ പലതരത്തിലുള്ള കൂട്ടായ്മകൾ ഓരോ സഭയിലും സമൂഹത്തിലും ഉണ്ടാക്കുക. കൂട്ടായ്മകളിൽ നല്ല പ്രവർത്തനങ്ങൾ ചെയ്യുക. ആശുപത്രികൾ സന്ദർശിക്കുക. ആരുമില്ലാതെ കഴിയുന്നവരെ സഹായിക്കുക, ഹൃദയത്തെ സ്പർശിക്കുന്ന കാര്യങ്ങൾ കാട്ടിക്കൊടുക്കുക. കുടുംബ പ്രാർത്ഥന ശക്തമായും വീട്ടിൽ ഉണ്ടാവുക. എല്ലാവരും കൈകോർക്കുക. രക്ഷപ്പെടാം. ക്നാനായ സമുദായം മാത്രം ലഹരിവിമുക്ത മായാൽ പോര എല്ലാവരും നമ്മുടേതാണ്, സഹോദരി സഹോദരന്മാരാണ്. ●

---

### *വിദ്യാഭ്യാസം. സുനിൽ ഡി. കുരുവിള*

*(പേജ് 15 തുടർച്ച)*

ശരിയിൽ നിർത്താൻ.... ലക്ഷ്യത്തിൽ എത്തിക്കാൻ അവനെ മനസ്സിലാക്കുന്ന ചേർത്ത് പിടിക്കുന്ന ഒരു അദ്ധ്യാപകന് മാത്രമേ സാധിക്കൂ! അമിതമായ ട്യൂഷൻ ഉം കോച്ചിങ്ങും കൊടുത്തും ഈ പ്രായത്തിൽ കുട്ടികളെ ‘ഉണക്കി’ കളയാതിരിക്കാം! അവരുടെ നൈപുണ്യങ്ങൾ വളർത്താം.... അഭിരുചികൾ കണ്ടെത്താം താലന്തുകൾ പ്രോത്സാഹിപ്പിക്കാം!

നല്ല കൗൺസിലിംഗ് മറ്റു കൗമാരക്കാർക്കും അവരുടെ മാതാപിതാക്കൾക്കും നൽകിയേ മതിയാവൂ! ഗുണമേന്മയുള്ളതു നൽകിയാലേ ഫലവും ഗുണമുള്ളതാകൂ!

സ്കൂളിലെ മുതിർന്ന കുട്ടികളെ നല്ല കാഴ്ചപ്പാടും ദർശനവും നൽകി complete ചെയ്യേണ്ടതുണ്ട്. പത്തിലും പന്ത്രണ്ടിലും ഒക്കെ പഠിച്ചു സ്കൂളിൽ നിന്ന് പോകുന്ന കുട്ടികൾ നല്ല മനുഷ്യനും citizen ഉം ആകുന്നില്ലായെങ്കിൽ വിദ്യാഭ്യാസം പരാജയമല്ലേ? സാമൂഹിക യാഥാർത്ഥ്യങ്ങളെ നേരിടാനും വെല്ലുവിളികളെ ഏറ്റെടുക്കാനും സാധ്യതകളെ തിരിച്ചറിയാനും എത്ര ചെറുപ്പക്കാർക്ക് കഴിയുന്നുണ്ട്? പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് മാർക്കും ഗ്രേഡും ഉണ്ടെങ്കിലും അറിവ് വളരെ കുറവ്. തിരിച്ചറിവും സാമാന്യബോധവും അതിലേറെ കുറവ്!

ഉന്നതപഠന രംഗത്ത് മിക്ക കുട്ടികളും പരാജയപ്പെടുന്നു.... പറ്റിക്കപ്പെടുന്നു.... തൊഴിൽ ഇല്ല. മാനസിക ആരോഗ്യവും കുറയുന്നു... വിവാഹമോചനം കൂടുന്നു. അസഹ്യത കൂടുന്നു.. അക്രമവും അരാജകത്വവും വർദ്ധിക്കുന്നു.... മയക്കുമരുന്ന് കച്ചവടം പൊടിപൊടിക്കുന്നു! തരംതാണ സിനിമകൾ hit ആകുമ്പോൾ വിദ്യാഭ്യാസം താഴുന്നത് തിരിച്ചറിയാം!

വിദ്യാഭ്യാസത്തിനു ഇതിലൊക്കെ പങ്കില്ലേ? സമൂഹത്തിൽ കാണുന്ന എല്ലാവിഷയങ്ങൾക്കും ക്ലാസ്സുമുറിയിൽ പരിഹാരം ഉണ്ട് എന്ന് തിരിച്ചറിയുന്നവരാണ് മികച്ച അദ്ധ്യാപകർ...

സാമൂഹിക വെല്ലുവിളികൾക്കു പരിഹാരമാകണം വിദ്യാഭ്യാസം! എല്ലാകുട്ടികളും എൻട്രൻസ് പഠിക്കാൻ പോകുന്നതും Engineer ഉം Doctor ഉം ആകാൻ ഓടുന്നതും ‘ചന്തയിൽ’ പോയി വീഴുന്നതും ഒക്കെ വിദ്യാഭ്യാസത്തിന്റെ ദാരിദ്ര്യം തന്നെയാണ്!

രാജ്യം വിട്ടു ചെറുപ്പക്കാരെല്ലാം അന്യരാജ്യങ്ങളിലേക്ക് ഓടുന്നതും വിദ്യാഭ്യാസത്തിന്റെ നിലവാര തകർച്ചയെ തന്നെയാണ് സൂചിപ്പിക്കുന്നത്. രാജ്യത്തെ പ്രശ്നങ്ങൾ കണ്ടു ഓടുന്ന യുവതയെ അല്ല അത് നേരിടാൻ കഴിവുള്ള കരുത്തുള്ള യുവതയെയാണ് വിദ്യാഭ്യാസം ലക്ഷ്യം വെക്കേണ്ടത്. നല്ല നേതൃഗുണങ്ങൾ മുതിർന്ന കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ പരിശീലിപ്പിക്കേണ്ടതുണ്ട്. അവർക്കില്ലാത്ത കാഴ്ചപ്പാടും ദർശനവും അവർ കുട്ടികൾക്ക് നൽകും എന്ന് പ്രതീക്ഷിക്കാൻ കഴിയില്ലല്ലോ!

ലോകത്തു വലിയ മാറ്റങ്ങളും മത്സരവും ഉയരുമ്പോൾ വലിയൊരു ഗുണമേന്മ എല്ലാ രംഗത്തും പ്രതീക്ഷിക്കുമ്പോൾ ഇന്നും നമ്മുടെ വിദ്യാഭ്യാസത്തിനു ‘നേരം വെളുത്തിട്ടില്ല’ എന്നത് ഭയത്തോടെ മാത്രമേ കാണാൻ കഴിയൂ! പറ്റിക്കപ്പെടുന്ന തലമുറ!

(Sunil D. kuruvilla പ്രമുഖ മാനവശേഷി വികസന പരിശീലകനും കരിയർ കൗൺസിലിംഗറുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ He can be contacted @ sunil_kuruvilla@rediffmail.com
Call +91 9847400712, Yotuber: sunil kuruvilla) ●

# അവിടുന്ന് എന്റെ പ്രാണനെ തണുപ്പിക്കുന്നു

സി. ഐ. ചാക്കോ വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ

വളരെ പ്രസിദ്ധമായ ഒരു സങ്കീർത്തന വാക്യമാണിത്. (23:2) അവിടുന്ന് എനിക്ക് ഉന്മേഷം നൽകുന്നു. ഒരു വ്യക്തിയ്ക്ക് ആന്തരികമായി ലഭിക്കുന്ന കുളിർമ്മ നിറഞ്ഞ അനുഭവത്തെ അത് സൂചിപ്പിക്കുന്നു. അതിനായി ദാഹിക്കുന്നവർ ഇന്ന് ഏറെയാണ്.

ശരീരത്തിൽ സംഭവിക്കുന്ന മുറിവുകൾ അതിവേഗം സുഖമാക്കാൻ കഴിയുന്ന ശക്തമായ ഔഷധങ്ങൾ ഇന്ന് ലഭ്യമാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടത്തിൽ നമുക്ക് അഭിമാനിക്കാം. എന്നാൽ മനസ്സിനും ആത്മാവിനും സംഭവിക്കുന്ന ക്ഷതങ്ങൾ അത്രവേഗത്തിൽ സുഖപ്പെടുന്നില്ല. മാത്രമല്ല അത് ഒരു വ്യക്തിയുടെ സ്വസ്ഥതയും സമാധാനവും കെടുത്തുകയും ഉമിത്തീപോലെ ഉള്ളിൽ എരിഞ്ഞു കൊണ്ടിരിക്കുകയും ചെയ്യും. വിഷാദം, നൈരാശ്യം തുടങ്ങിയ കടുത്ത മാനസിക രോഗത്തിലെത്തിക്കുകയും ചെയ്യുന്നു.

ഒരു അമേരിക്കൻ വനിതയുടെ അനുഭവം ശ്രദ്ധിക്കുക. മിസ്സൂറിയിലെ ഒരു ചെറിയ പട്ടണത്തിൽ ജനിച്ചു വളർന്ന മാർലാ ഹാൽസൽ യൗവ്വനത്തിൽ എത്തിയപ്പോൾ ജോലി തേടി ന്യൂയോർക്ക് നഗരത്തിൽ എത്തിച്ചേർന്നു. അവളുടെ ആകാര സൗഷ്ടവം മോഡലിംഗിന് അനുയോജ്യമായിരുന്നു. ആ രംഗത്ത് അവൾ വിജയകരമായി മുന്നേറി. അവൾ താമസിച്ചിരുന്ന വീടിന്റെ ഉടമസ്ഥൻ മ്ലേച്ഛകരമായ ലക്ഷ്യത്തോടെ അവളെ സമീപിച്ചപ്പോൾ അവൾ ചെറുത്തു നിന്നു. വൈരാഗ്യം മൂത്ത ആ കശ്മലൻ ഗുണ്ടകളെ വിട്ട് അവളെ വകവരുത്താൻ ശ്രമിച്ചു. കത്തിപ്രയോഗത്തിൽ ഒട്ടേറെ മുറിവുകൾ ഏറ്റ അവൾ കുതറി ഓടി ഒരു റസ്റ്റോറന്റിൽ അഭയം തേടി. മിന്നൽ വേഗത്തിൽ പോലീസിനെ അറിയിച്ചു. നെറ്റിയ്ക്കും തലയ്ക്കും കവിൾ തടത്തിലും എല്ലാം മുറിവുകളായിരുന്നു. നൂറ്റിഅൻപത് കുത്തിക്കെട്ടുകൾ വേണ്ടി വന്നു എന്നു പറയുമ്പോൾ മുറിവുകൾ എത്രയുമായിരുന്നു എന്നൂഹിക്കാം. പരിചരിച്ച ഡോക്ടർമാർക്ക് അവരുടെ മുഖത്തിന്റെ വൈരൂപ്യം മാറ്റാൻ കഴിയുമോ എന്ന ആശങ്ക ആയിരുന്നു. കോടതിയിൽ പ്രതിഭാഗം വക്കീൽ അവളെ ശ്വാസം മുട്ടിക്കത്തക്കവണ്ണം ചോദ്യങ്ങൾ തൊടുത്തുവിട്ടു. അവൾ വളരെ മോശമായ ഒരു സ്ത്രീയെന്നു സ്ഥാപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. കേസിൽ അവൾ വിജയിച്ചു. വീട്ടുടമയും ഗുണ്ടകളും ജയിൽ അടയ്ക്കപ്പെട്ടു. പക്ഷെ, മാർലായുടെ ഉള്ളിലെ ഭീതിയും ആഘാതവും അണയാതെ നിന്നു. ഒൻപത് വർഷങ്ങൾ പിന്നിട്ടപ്പോഴും ആന്തരിക സ്വസ്ഥതയെന്തെന്ന് അറിയാതെ അവൾ ഉഴലുകയായിരുന്നു.

1995 ലെ ക്രിസ്മസ് രാത്രിയിൽ ന്യൂയോ ർക്കിലെ പ്രസിദ്ധമായ സെന്റ് ജോൺസ് കത്തീഡ്രലിൽ അവൾ ആരാധനയ്ക്ക് എത്തി. സംഘർഷത്തിന് അയവു വന്നു സമാധാനം കണ്ടെത്താമെന്ന പ്രതീക്ഷ ആയിരുന്നു. അച്ചന്റെ പ്രസംഗത്തിന് അവൾ കാതോർത്തു. ദൈവമേ എന്റെ ചെറുപ്പത്തിലെ സമാധാനവും സന്തോഷവും എനിക്ക് തിരികെ തരണമെ എന്നായിരുന്നു അവളുടെ പ്രാർത്ഥന. അച്ചൻ പ്രസംഗിച്ചു; നിരാശയാണ് ഏറ്റവും വലിയ പാപം. കാരണം അത് നിങ്ങൾ ദൈവത്തെ നിരസിക്കുന്ന അവസ്ഥയാണ്. ഈ വാക്കുകൾ കൂരമ്പുപോലെ അവളുടെ മനസ്സിൽ തറച്ചു. അപ്പോൾ താൻ ഒരു വലിയ പാപിയാണ്. അവൾ ഉടൻ എഴുന്നേറ്റ് പതിയെ പുറത്തേയ്ക്ക് പോയി.

ഇനിയും ഒന്നേ ചെയ്യാനുള്ളൂ-ആത്മഹത്യ. അതിന് എന്ത് മാർഗ്ഗം സ്വീകരിക്കണമെന്ന് ചിന്തിച്ചു. സ്വന്തം മുറിയിൽ കതകടച്ചിരിക്കുമ്പോൾ വാതിൽ മുട്ടുന്ന ശബ്ദം കേട്ടു. തുറന്നപ്പോൾ അവളുടെ അടുത്ത സ്നേഹിത ജോദവാനാണ്. അവളുടെ നിർബന്ധത്തിന് വഴങ്ങി ഒരു സൈക്യാട്രിസ്റ്റിനെ കാണാൻ സമ്മതിച്ചു. ആ ചികിത്സയിൽ വളരെ ആശ്വാസം തോന്നി. പേടി സ്വപ്നങ്ങൾ മാറി ഉറക്കം ലഭ്യമായി. ശാരീരികമായും മാനസികവുമായ ക്ഷതങ്ങൾക്ക് സൗഖ്യം ലഭിച്ചു. എന്നാൽ ഇനിയും ആത്മീയമായ സ്വസ്ഥത ലഭിക്കാൻ പള്ളിയിലേക്കും ആരാധനാലയങ്ങളിലേയ്ക്കും പോകുന്നത് ആശ്വാസമായിരിക്കും എന്ന് ഡോക്ടർ നിർദ്ദേശിച്ചു.

അങ്ങനെ അവൾ ഞായറാഴ്ച രാവിലെ അടുത്ത പരിചയമുള്ള പള്ളിയിലേയ്ക്ക് പോയി. അവിടെ പള്ളിയുടെ കിഴക്കേഭിത്തിയിൽ ഘടിപ്പിച്ചിട്ടുള്ള സ്ഫടിക ജനാലയിൽ കൂടി കടന്നു വരുന്ന തങ്ക രശ്മികൾ അവളുടെ ഹൃദയത്തെ സ്പർശിച്ചു. അവിടെ നടന്ന പ്രാർത്ഥനകളും ഗാനങ്ങളും വായനകളും പുതിയ ഉന്മേഷം പകരുന്നതായി അനുഭവപ്പെട്ടു. അവൾ ചിന്തിച്ചു. ദൈവസ്നേഹം അവളെ എപ്പോഴും പിന്തുടരുമായിരുന്നു. അക്രമികളുടെ കരങ്ങളിൽ നിന്ന് അത്ഭുതകരമായി വിടുവിച്ചതും കോടതിയിൽ തളർന്നുപോകാതെ ധൈര്യപൂർവ്വം മൊഴികൊടുക്കാൻ സാധ്യമാക്കിയതും ആത്മഹത്യ ശ്രമങ്ങളിൽ നിന്ന് പിന്തിരിപ്പിച്ചതും ചികിത്സയ്ക്കായി സൈക്യാട്രിസ്റ്റിനെ സമീപിക്കാൻ പ്രേരിപ്പിച്ചതും അവസാനം ദേവാലയത്തിന്റെ ശീതളഛായയിൽ എത്തിച്ചതും എല്ലാം ദൈവത്തിന്റെ കരങ്ങളാണെന്ന് അവൾ തിരിച്ചറിഞ്ഞു. എല്ലാ സാഹചര്യങ്ങളിലും ദൈവസ്നേഹം അവളെ ആവരണം ചെയ്യുകയായിരുന്നു. ആ ബോധ്യം യാഥാർത്ഥ്യമായി വന്നപ്പോൾ ആന്തരികമായ ശാന്തിയും സ്വസ്ഥതയും അവൾക്ക് അനുഭവവേദ്യമായി. അപ്പോൾ അവൾ സങ്കീർത്തനവാക്യം ഉരുവിടുകയായിരുന്നു: "അവിടുന്ന് എന്റെ പ്രാണനെ തണുപ്പിക്കുന്നു".

# ‘അവസരങ്ങൾ അതുല്യമാണ്, അതിനെ അവഗണിക്കരുത്’

**ജിജി എബ്രഹാം കറുകേലിൽ**

സമയവും തിരമാലയും ആർക്കുവേണ്ടിയും കാത്തു നിൽക്കുകയില്ല എന്നു പറയുന്നതുപോലെ അവസരങ്ങളും ആർക്കുവേണ്ടിയും കാത്തുനിൽക്കുകയില്ല.

മെച്ചപ്പെട്ട അവസരങ്ങൾ ഇനിയും വരും എന്ന് പ്രതീക്ഷയിൽ നമ്മുടെ മുമ്പിൽ വരുന്ന അവസരങ്ങളെ അവഗണിക്കുന്നവർ പിന്നീട് അതോർത്ത് ഏറെ ദുഃഖിക്കേണ്ടിവരും. അന്നു ഞാൻ ആ അവസരം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ എന്റെ ജീവിതം ഇന്നുള്ളതിനെക്കാൾ എത്രയോ മെച്ചമായേനെ എന്നോർത്ത് അവർ നിരാശരാകും. ഇങ്ങനെ കിട്ടിയ അവസരങ്ങൾ അവഗണിച്ച് ദുഃഖിതരായ എത്രയോ പേരുടെ കഥകൾ നമ്മുടെ മുമ്പിലുണ്ട്. സൈബർ ലോകത്ത് മുടിചൂടാമന്നനായി വിരാജിക്കുന്ന ഗൂ



ഗിളിനെ വെറും ഒരു മില്യൻ ഡോളറിന് വിൽക്കുവാനായി 1998 ൽ അതിന്റെ ഉടമസ്ഥർ യാഹുവിനെ സമീപിച്ചെങ്കിലും യാഹു ആ ഓഫർ അവഗണിച്ചു. ഗൂഗിൾ പിന്നീട് ഏറെ വളർന്നു. 2008 ൽ ഒരിക്കൽ കൂടി ഒരു മില്യൺ ഡോളറിന് വിൽക്കുവാൻ ശ്രമിച്ചു; എങ്കിലും അന്നും യാഹൂ “നോ” പറഞ്ഞു. എന്നാൽ അതിനുശേഷം ഗൂഗിളിന്റെ വളർച്ച അതിവേഗം ആയിരുന്നു, യാഹുവിനെന്നല്ല ആർക്കും സ്വപ്നം കാണാൻ കഴിയാത്ത അത്ര ഉയരത്തിലാണ് ഇന്ന് ഗൂഗിൾ.

2008 ൽ മൈക്രോസോഫ്റ്റ് കമ്പനി യാഹുവിനെ വിലയ്ക്ക് വാങ്ങുവാനായി 44.6 ബില്യൻ ഡോളറിന്റെ വില പറഞ്ഞെങ്കിലും അതിൽ കൂടുതൽ തങ്ങൾക്ക് മൂല്യമുണ്ടെന്ന ചിന്തയിൽ ആ ഡീൽ യാഹു നിരസിച്ചു. പിന്നീട് 9 വർഷങ്ങൾക്ക് ശേഷം 2017 ൽ യാഹുവിനെ വിറ്റപ്പോൾ വെറും 4.4 ബില്യൻ ഡോളർ മാത്രമെ കിട്ടിയുള്ളൂ. 40.2 ബില്യൻ ഡോളറിന്റെ വലിയ നഷ്ടമാണ് യാഹുവിനുണ്ടായത്. ഇതാണ് നമ്മുടെ മുമ്പിലേയ്ക്ക് എത്തിച്ചേരുന്ന അവസരങ്ങളെ കൂടുതൽ മികച്ച അവസരങ്ങൾ കിട്ടുമെന്ന പ്രതീക്ഷയിൽ അവഗണിച്ചപ്പോൾ ഉണ്ടായ നഷ്ടങ്ങൾ.

ഇതിനോട് ചേർത്ത് ഒരു കഥ പറയാം. ഒരിക്കൽ ഒരു കർഷകന്റെ സുന്ദരിയായ മകളെ വിവാഹം കഴിക്കണമെന്ന അഭ്യർത്ഥനയുമായി ഒരു യുവാവ് കർഷകനെ സമീപിച്ചു. കർഷകൻ പറഞ്ഞു ‘എന്റെ തൊഴുത്തിൽ മൂന്നു കാളകൾ ഉണ്ട്. ഞാൻ അതിനെ തുറന്നു വിടുമ്പോൾ അതിൽ ഒന്നിന്റെയെങ്കിലും വാലിലൊന്ന് പിടിച്ചാൽ താങ്കൾക്ക് എന്റെ മകളെ വിവാഹം ചെയ്തു തരാം” യുവാവ് സന്തോഷപൂർവ്വം അത് സമ്മതിച്ചു. കാളകളെ തുറന്നു വിടുമ്പോൾ അതിന്റെ വാലിൽ പിടിക്കുവാൻ തയ്യാറായി കാത്തു നിന്നു.

കർഷകൻ ഒന്നാമത്തെ കാളയെ തുറന്നു വിട്ടു. അത് വലിയ ശബ്ദത്തോടെ മുക്കറയിട്ട് കൊമ്പുകുലുക്കി പാഞ്ഞു വരുന്നത് കണ്ടപ്പോൾതന്നെ യുവാവിന്റെ സപ്തനാഡികളും സ്തംഭിച്ചു. യുവാവ് അതിന്റെ അടുത്തേക്കു ചെല്ലാതെ മാറി നിന്നിട്ട് മനസ്സിൽ പറഞ്ഞു ഇതുപോയാൽ എന്താ ഇനിയും രണ്ട് കാളകൾ കൂടി ഉണ്ടല്ലോ. രണ്ടാമത്തെ കാളയാകട്ടെ ആദ്യത്തേതിന്റെ ഇരട്ടി വലിപ്പവും ശക്തിയുമുള്ള ഒന്നായിരുന്നു. ഒരു കാരണവശാലും തനിക്ക് അതിന്റെ വാലിൽ പിടിക്കാൻ എന്നല്ല അതിന്റെ നിഴൽവെട്ടത്തുപോലും നിൽക്കാൻ ആവില്ല എന്നു മനസ്സിലാക്കി യുവാവ് മൂന്നാമത്തെ കാളയ്ക്കായി കാത്തിരുന്നു. അതിനെ തുറന്നുവിട്ടപ്പോൾ യുവാവ് സന്തോഷിച്ചു. അത് തീരെ മെലിഞ്ഞതായിരുന്നു. അതിന്റെ വാലിൽ പിടിക്കാനായി ചെന്ന യുവാവ് ഞെട്ടി. കാരണം അതിന്റെ വാൽ മുറിച്ചു കളഞ്ഞതായിരുന്നു. തനിക്ക് കിട്ടിയ ആദ്യ അവസരങ്ങൾ നഷ്ടപ്പെടുത്തിയതിൽ അയാൾ ദുഃഖിച്ചു നിരാശനായി മടങ്ങിപ്പോയി.

വിദ്യാഭ്യാസം കഴിഞ്ഞ് തങ്ങളുടെ വിദ്യാഭ്യാസത്തിനും സ്റ്റാറ്റസിനും അനുസരിച്ചുള്ള ജോലി മാത്രമേ സ്വീകരിക്കു എന്നു ചിന്തിക്കുന്നവർ ശ്രദ്ധിക്കുക. ഒരു കമ്പനിയിലേയ്ക്ക് ഇന്റർവ്യൂവിന് ചെല്ലുമ്പോൾ ഇന്റർവ്യൂ ബോർഡിൽ ഉള്ളവർ നോക്കുന്നത് തങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ഉദ്യോഗാർത്ഥിയുടെ കർമ്മശേഷിയാണ്. ഇത്രകാലം ഇവൻ എന്ത് ചെയ്യുകയായിരുന്നു. കർമ്മനിരതനായിരുന്നോ എന്ന് അവർ പരിശോധിക്കും. വെറുതെ അലസനായി യാതൊന്നും ചെയ്യാതെ സമയം വേസ്റ്റ് ആക്കിയ ഒരാളെ തങ്ങളുടെ കമ്പനിയിൽ ജോലിക്ക് എടുക്കുവാൻ അതിന്റെ ഡയറക്ടറേറ്റ് തയ്യാറാകുകയില്ല. അവസരങ്ങൾ എപ്പോഴും ആവർത്തിക്കണമെന്നില്ല. ലഭിക്കുന്ന ആദ്യ അവസരങ്ങൾ തന്നെ പ്രയോജനപ്പെടുത്തുന്നതാണ് അഭികാമ്യം.

# രക്തബന്ധത്തിന്റെ മഹിമ- അവിസ്മരണീയമായ ഒരനുഭവം

എഞ്ചി. ടി. എം. തോമസ്, കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ, കല്ലിശ്ശേരി

ഏപ്രിൽ മാസത്തെ ക്നാനായ ദീപത്തിൽ വന്ന “ക്നാനായക്കാരനെ എങ്ങനെ തിരിച്ചറിയാം” എന്ന ലേഖനം വായിച്ചപ്പോഴാണ് 2022 ൽ അമേരിക്കയിൽവച്ചുണ്ടായ അനുഭവം ഓർമ്മയിലേക്കു കടന്നു വന്നത്.

2022 ജൂലൈ മാസത്തിൽ എന്റെ കൊച്ചു മകന്റെ എം. ഡി. മെഡിസിനുമായി ബന്ധപ്പെട്ടു അമേരിക്കയിലെ മിഷിഗൺ എന്ന സ്റ്റേറ്റിൽ ഏതാനും ദിവസം താമസിക്കേണ്ടതായി വന്നു. അന്വേഷണത്തിൽ അവിടെയെങ്ങും ഒരു മലയാളിയെയോ ഇൻഡ്യക്കാരനെയോ കാണാൻ സാധിച്ചില്ല. കൊച്ചു മകന്റെ താമസത്തിനു ആവശ്യമായ സാധനങ്ങൾ ഒക്കെ വാങ്ങാനായി ഞാനും ഭാര്യയും കൊച്ചു മകനും അവന്റെ അപ്പനുമായി ഒരു മാളിൽ നിൽക്കുമ്പോൾ ഒരു ഭർത്താവും ഭാര്യയും മറ്റൊരു സ്ത്രീയും ഞങ്ങളെ കടന്നു പോയി. എന്നാൽ അവർ അല്പം മാറി നിന്നു. ഞങ്ങൾ മുമ്പോട്ടു പോകാനായി ഇവരുടെ അടുത്തുകൂടി നീങ്ങിയപ്പോൾ “നിങ്ങൾ ക്നാനായക്കാർ അല്ലേ” എന്ന ചോദ്യം ഇപ്പോഴും മനസ്സിൽ മറക്കാതെ, മായാതെ, കിടക്കുന്നു. ആരും പറയാതെ ക്നാനായ രക്തം തിരിച്ചറിഞ്ഞ ആ വൈശിഷ്ട്യം അവർണനീയമാണ്; അനുഭവിച്ചറിഞ്ഞാലേ മനസ്സിലാകയുള്ളു.

ആ മാന്യവ്യക്തി ഏറ്റുമാനൂർകാരനായ ജ്യോതിസ് (Jyothis) എന്ന ക്നാനായ കത്തോലിക്കനായിരുന്നു.

അതുപോലെ മറ്റൊരു അനുഭവംകൂടി പങ്കുവയ്ക്കട്ടെ. ഞാൻ ഇലക്ട്രിസിറ്റി ബോർഡിൽ കല്ലിശ്ശേരിയിൽ പോൾ കാസ്റ്റിങ്ങിന്റെ ചാർജ് ആയിരുന്നപ്പോൾ എന്റെ എക്സിക്യൂട്ടീവ് എൻജിനീയർ ആയിരുന്ന വ്യക്തി ഓർത്തഡോക്സോ, മർത്തോമായോ ആയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ നിറം കണ്ടപ്പോൾ തീർച്ചയായും ഒരു ക്നാനായ ബന്ധം ഉണ്ടെന്നു തോന്നി. എന്നിരുന്നാലും അങ്ങനെ ചോദിക്കാൻ പറ്റില്ലല്ലോ. പലതും സംസാരിച്ച കൂട്ടത്തിൽ ടിയാന്റെ അമ്മയെക്കുറിച്ചും അപ്പനെക്കുറിച്ചുമൊക്കെ ചോദിച്ചപ്പോഴാണ് അറിയുന്നത് ഇദ്ദേഹത്തിന്റെ അമ്മ കോഴിമുക്കിലോ ആനപ്രാമ്പാലിലോ ഉള്ള ക്നാനായക്കാരിയാണെന്ന്.

ലേഖനത്തിൽ ക്നാനായ ലക്ഷണങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും യാഥാർത്ഥ്യങ്ങളാണ്. മഞ്ഞപ്പല്ല് നമ്മുടെ ആൾക്കാർക്കല്ലാതെ ആർക്കും കണ്ടിട്ടില്ല. എന്റെ അമ്മയുടെയും ഒരു സഹോദരിയുടെയും ഒരു കൊച്ചുമക്കളുടെയും പല്ലുകൾ നല്ല മഞ്ഞ നിറമായിരുന്നു. അതുപോലെ മറ്റൊന്നു “ക്നാ കുത്ത്”. നിറത്തിലും സൗന്ദര്യത്തിലും നിങ്ങളുടെ സ്ത്രീകൾ മുൻപന്തിയിലാണെന്നു സുഹൃത്തുക്കളായ പല വടക്കുംഭാഗ സ്ത്രീകളും പുരുഷന്മാരും പറയുന്നതു കേട്ടിട്ടുണ്ട്.

കുന്നംകുളംകാരായ പല എഞ്ചിനിയർ സുഹൃത്തുക്കൾ എനിക്കുണ്ട്. അവരെ കാണുമ്പോൾ എന്തോ ഒരാകർഷണം തോന്നാറുണ്ട്. കേരളത്തിലെ പ്രധാന പട്ടണങ്ങളിലുള്ള പല സ്റ്റേഷനറി കടകളും കുന്നംകുളത്തുകാരുടേതാണ്. 7-ാം നൂറ്റാണ്ടിലോ മറ്റോ കൊടുങ്ങല്ലൂരിൽ മുസ്‌ലീം അധിനിവേശം ഉണ്ടായപ്പോൾ ഭൂരിപക്ഷം ആൾക്കാരും കോട്ടപ്പുറം കായലിന്റെ തെക്കുഭാഗത്തേക്കും കുറേപേർ വടക്കു ഭാഗത്തേക്കും പോയിരിക്കാം. ക്നായിതോമ്മാ എന്ന വണിക് ശ്രേഷ്ഠന്റെ ജനിത സ്വഭാവമഹിമയാൽ അവരിൽ പലരും വ്യാപാര രംഗത്തേക്കു മാറിയിരിക്കാം.

എന്തു തന്നെ ആയിരുന്നാലും കുന്നംകുളത്തെ സുറിയാനി ക്രിസ്ത്യാനികളുടെ കല്യാണത്തിനു ചന്തം ചാർത്തും മയിലാഞ്ചി ഇടീലും ഉണ്ടായിരുന്നതായി എന്റെ ഒരു സുഹൃത്തിന്റെ ഭാര്യ ഒരിക്കൽ സംസാര മദ്ധ്യേ പറയുകയുണ്ടായി. പറഞ്ഞു എന്നു മാത്രമല്ല ‘മർത്തോമ്മൻ നന്മയാലൊന്നു തുടങ്ങുന്നു’ എന്നപാട്ടും ചന്തം ചാർത്തിന്റെയും മയിലാഞ്ചി ഇടലിന്റെയും പാട്ടുകളുടെ കുറേഭാഗം പാടി കേൾപ്പിക്കുകയും ചെയ്തു. അടുത്ത കാലത്ത് കുന്നംകുളംകാരനായ ഒരാളുടെ വിവാഹ തലേന്നു പാച്ചോറു നുള്ളിക്കൊടുക്കുന്നതിന്റെ ഒരു വീഡിയോയും കാണുവാനിടയായി.

ചേരമാൻ പെരുമാളിൽനിന്നും നമുക്കു കിട്ടിയ രാജകീയ പദവികളിൽ ഒന്നാണ് സദ്യക്ക് രണ്ടില എന്നുള്ളത്. രാജാവിനും അതേ പദവിയിലുള്ളവർക്കുമേ രണ്ടില കൊടുക്കയുള്ളു. ഇതിൽ അസൂയ പൂണ്ട ഒരു മന്ത്രി രാജാവില്ലാതിരുന്ന ഒരു സദ്യയിൽ ക്നായിതോമ്മായ്ക്ക് മന:പൂർവ്വം ഒരില മാത്രമേ കൊടുത്തുള്ളു. ബുദ്ധിമാനായ ക്നായിതോമ്മാ പെട്ടെന്നുതന്നെ ഇല രണ്ടായി മടക്കിയിട്ടാണു സദ്യവട്ടങ്ങൾ വാങ്ങിയതും കഴിച്ചതും. ക്നാനായക്കാർ അല്ലാതെ ആരും തന്നെ ഇലമടക്കാറില്ലല്ലോ?

പിന്നെ “കോഴിതുട”, “അപ്പവും കാരികയും” “അയനി എടുക്ക” അതൊക്കെ പുറകാലെ.

# ഏവൻഗേലിയോൻ ദീപം



റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ, മുളമൂട്ടിൽ

**പെന്തിക്കോസ്തിക്കുശേഷം 5 – ാം ഞായർ**
**ജൂൺ 23 (ലൂക്കോ.9:10–17)**

അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കിക്കൊടുത്തു എല്ലാവരും തൃപ്തരായി.

തകർന്നും നുറുങ്ങിയും ഇരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കയില്ല. തകർന്നു തരിപ്പണമായ ആളുകളെയത്രെ ദൈവം തന്റെ മഹത്വത്തിനായി ഉപയോഗിക്കുന്നത്. അവൻ കൈക്കൊള്ളുന്ന യാഗം തകർന്ന മനസ്സാണ്. പെനിയേലിൽ വച്ച് യാക്കോബ് വളരെ തകർന്നു ശക്തി നഷ്ടപ്പെട്ടവനായി കാണുന്നു. ആ തകർച്ചയിൽ നിന്ന് നീ എഴുന്നേറ്റ് ബഥേലിലേക്ക് പോക എന്നു പറഞ്ഞു ദൈവം അവനെ ശക്തീകരിച്ചു. അവന്റെ പേര് മാറ്റി യിസ്രായേൽ എന്നാക്കി അവനെ അനുഗ്രഹിച്ചു.

മരുഭൂമിയിൽ കൂടിയുള്ള യാത്രയിൽ യിസ്രായേൽ മക്കൾ ഹോറേബിൽ എത്തിയപ്പോൾ ദാഹിച്ച് വെള്ളം കുടിക്കുവാൻ നിർവ്വാഹമില്ലാതെ മോശ പാറയെ അടിച്ചു തകർത്തപ്പോൾ ദൈവജനത്തിനാവശ്യമായ ജലം അതിൽ നിന്നൊഴുകി.

മുന്നൂറ് കുടങ്ങൾ ഗിദയോന്റെകൂടെ ഉണ്ടായിരുന്നവർ ഉടച്ചപ്പോൾ അതിൽ മറഞ്ഞിരുന്ന വെളിച്ചം ശത്രുക്കളെ ഭ്രമിപ്പിക്കുവാൻ തക്കവണ്ണം അത്ഭുതകരമായി പ്രകാശിച്ചു. അങ്ങനെ യുദ്ധം ജയിക്കുവാൻ സാധിച്ചു.

ഒരു ജാതിയെ രാഷ്ട്രത്തിന്റെ ചട്ടക്കൂടിനെ പൊടിച്ചു കളയുവാൻ തന്റെ ജീവനെ എസ്ഥേർ രാജ്ഞി അർപ്പിച്ചതു മുഖാന്തിരമത്രെ ദൈവജനത്തിനു രക്ഷയുടെ വാതിൽ തുറന്നു കിട്ടിയത്.

ഇവിടെ യേശുക്രിസ്തു 5 അപ്പം എടുത്ത് നുറുക്കിയപ്പോൾ അത് അനേകരെ പോഷിപ്പിക്കുവാൻ തക്കവണ്ണം വർദ്ധിച്ചു. യേശുതമ്പുരാൻ തന്റെ ശരീരം മുള്ളുകൊണ്ടും ആണികൊണ്ടും കുന്തം കൊണ്ടും കീറുവാൻ അനുവദിച്ചപ്പോൾ അവന്റെ ഉള്ളത്തിൽനിന്ന് ജീവജലത്തിന്റെ ഉറവ ഒഴുകി. അനേകം പാപികൾക്ക് ജീവന്റെ ഉറവയായിത്തീർന്നു. ഈ ഉറവയിൽ നിന്ന് നീ കുടിച്ചിട്ടുണ്ടോ? നിന്റെ സകല അതിക്രമങ്ങളും പാപങ്ങളും മോചിക്കുവാൻ വേണ്ടിയാണ് താൻ തകർക്കപ്പെട്ടത്. അതുകൊണ്ട് നമുക്ക് ദൈവസന്നിധിയിലേക്ക് കടന്നുവന്ന് ഉപേക്ഷിക്കേണ്ട പാപങ്ങളെ ഉപേക്ഷിക്കാം.

പണം സംബന്ധമായി തകർന്നവരുണ്ട്. സ്വന്തം ഇഷ്ടം സാധിക്കാതെ തകർന്നു തരിപ്പണമായവരുണ്ട്. ആഗ്രഹങ്ങൾ സാധിക്കാതെ തകർന്നവരുണ്ട്. മാനം നഷ്ടപ്പെട്ട് തകർന്നവരുണ്ട്. നിസ്സഹായരായി നിരാശയിൽ കഴിഞ്ഞു കൂടുന്ന ഇങ്ങനെയുള്ളവരെയത്രേ ദൈവത്തിന്റെ ആത്മാവ് കോരിയെടുത്ത് ദൈവനാമ മഹത്വത്തിനായി തീർക്കുന്നത്. നമുക്ക് തകർച്ചയോടെ ദൈവകരങ്ങളിലേക്ക് സമർപ്പിക്കാം. അപ്പോൾ എല്ലാവർക്കും നാം പ്രയോജനപ്പെടും എല്ലാവർക്കും തൃപ്തി ലഭിക്കുകയും ചെയ്യും. നമ്മുടെ തോൽവിസ്ഥാനങ്ങളിലേക്കത്രേ ദൈവം ഇറങ്ങിച്ചെല്ലുന്നത്. അവൻ നമ്മുടെ ബലഹീനതയും നമ്മുടെ ഒന്നുമില്ലായ്മയും കയ്യിലെടുത്തു അവയിൽ കൂടെ തന്റെ അത്ഭുതപ്രകാരം പുറത്തേക്കയയ്ക്കുന്നു.

**പെന്തിക്കോസ്തിക്കുശേഷം 6 – ാം ഞായർ**
**ജൂൺ 30 (മത്താ. 15:32–39)**

സഹതാപമുള്ളവനായ യേശുതമ്പുരാൻ തന്റെ പ്രസംഗം കേട്ടു കഴിയുന്ന പുരുഷാരത്തെ പട്ടിണിയോടുകൂടി വിടുവാൻ മനസ്സില്ലാതെ അവർക്ക് ഭക്ഷിപ്പാൻ ഒന്നുമില്ലായ്മയിൽ എനിക്ക് അലിവു തോന്നുന്നു. എന്ന് ശിഷ്യന്മാരോട് പറഞ്ഞു. ഞാൻ അവരെ പട്ടിണിയോടുകൂടി വിട്ടാൽ വഴിയിൽ വച്ച് അവർ തളർന്നുപോകും എന്നു പറഞ്ഞുകൊണ്ട് 7 അപ്പം എടുത്ത് 4000 പേരെ തൃപ്തരാക്കി പറഞ്ഞയച്ച അത്ഭുതമാണ് ഇന്നത്തെ ചിന്താവിഷയം. യിസ്രായേൽ മക്കളെ സ്വർഗ്ഗീയ മന്നാകൊണ്ട് പോഷിപ്പിച്ചവനായ ദൈവത്തിന് 4000 പേരെ പോറ്റി പുലർത്തുന്നതിന് യാതൊരു വിഷമവുമില്ല എന്നു വീണ്ടും തെളിയിച്ച സംഭവമാണിത്.

യേശു ശിഷ്യന്മാരുടെ കൈയ്യിൽനിന്നു ഭക്ഷണപ്പൊതി വാങ്ങി സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി നുറുക്കി വിളമ്പുവാൻ ശിഷ്യന്മാരെ ഏല്പിച്ചു. എന്നാൽ ഇത് വർദ്ധിച്ചത് എപ്പോൾ എങ്ങനെ എന്നുള്ളത് ആർക്കും അറിഞ്ഞു കൂടാ. സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി നുറുക്കി എന്ന വാക്കുകളിലാണ് ഭക്ഷണം വർദ്ധിച്ച അത്ഭുത കർമ്മത്തെ സുവിശേഷകൻ വിവരിക്കുന്നത്.

ഭക്ഷ്യ പദാർത്ഥം വർദ്ധിച്ച അത്ഭുതത്തെക്കുറിച്ച് രാജാക്കന്മാരുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരാൾ ഏലിശാ പ്രവാചകന് ആദ്യഫലമായിട്ട് 20 യവത്തപ്പവും മലരും കൊണ്ടുവന്നു. ജനത്തിന് അതു തിന്മാൻ കൊടുക്ക എന്നു പ്രവാചകൻ കല്പിച്ചു. ബാല്യക്കാരൻ ഞാനിത് 100 പേർക്ക് എങ്ങനെ വിളമ്പും എന്നു ചോദിച്ചു. പ്രസിദ്ധ ശാസ്ത്രജ്ഞനായ ഷാഫ്റ്റോ പറയുന്നത്. ഗോതമ്പ് മണ്ണിൽ വീഴുമ്പോഴും അപ്പം യേശുവിന്റെ കരങ്ങളിലിരിക്കുമ്പോഴും സംഭവിക്കുന്ന വ്യതിയാനങ്ങൾ എന്താണെന്ന് പരമാർത്ഥത്തിൽ നാം അറിയുന്നില്ല. ഒന്ന് രണ്ട് തവണമാത്രം നടന്നപ്പോൾ ഗോതമ്പ് കിളിർത്തു ഫലം തരുന്ന പ്രക്രിയ ആണ്ടുതോറും സംഭവിച്ചുകൊണ്ടിരിക്കുന്നു. രണ്ടും യേശുവിന്റെ അത്ഭുതമാണ്.

മിച്ചം വന്ന ഭക്ഷണ പദാർത്ഥങ്ങൾ കളയാതെ സൂക്ഷിക്കുന്ന ഗുരുവിന്റെ ദൂരിശം നമുക്ക് ഒരു സാധനപാഠമാണ്. ദർശിച്ച് സ്വന്ത ആവശ്യങ്ങൾക്ക് ചിലവാക്കി മിച്ചം വരുത്തി അന്യരുടെ സഹായത്തിനു സമൃദ്ധിയായി കൊടുക്കുന്നതാണ് ക്രിസ്തീയ ദാനം.

നമുക്കുള്ള അല്പം കർത്താവിന്റെ കൈയ്യിൽ കൊടു

ത്താൽ അവൻ അതു വർദ്ധിപ്പിക്കും. വലിയ സാധന ത്തിൽനിന്നു ചെറിയവ നിർമ്മിക്കുന്നതാണ് മനുഷ്യ പ്രകൃതിയെങ്കിൽ അല്പത്തിൽ നിന്ന് അധികം ഉൽപാദിപ്പിക്കുന്നതാണ് ദൈവപ്രകൃതി. മോശയുടെ വടി ദൈവസന്നിധിയിൽ സമർപ്പിച്ചപ്പോൾ അത് അത്ഭുതവടിയായി രൂപാന്തരപ്പെട്ടതുപോലെ നമുക്കുള്ള അല്പ വസ്തുക്കളും നമ്മുടെ സ്വഭാവങ്ങളും വിശ്വാസവും നമുക്കുള്ളതെല്ലാം ദിവ്യ കരങ്ങളിൽ സമർപ്പിക്കാം. അവൻ അത് അത്ഭുതകരമായി വർദ്ധിപ്പിക്കുന്നവനാകയാൽ നമുക്ക് തൃപ്തി വരുത്തി തരും.

**പെന്തിക്കോസ്തിക്കുശേഷം 7 – ാം ഞായർ**
**ജൂലൈ 7**
**(വി. മർക്കോ. 3:20 – 30)**

വി. മർക്കോസിന്റെ വിവരണത്തിൽ യേശുവിന്റെ പരസ്യശുശ്രൂഷയുടെ അനുഭവത്തിൽ, അപ്പസ്തോലന്മാരുടെ തെരഞ്ഞെടുപ്പിനുശേഷമുള്ള സംഭവമാണിത്. യേശുവിന്റെ ചാരെ അനേകർ ഉപദേശങ്ങൾ ശ്രവിക്കുവാനും, രോഗത്തിന് ആശ്വാസം ലഭിക്കുവാനുമായി കടന്നുവന്നു. അതിൽ നീരസം പൂണ്ട യഹൂദപ്രമാണിമാർ യേശുവിൽ കുറ്റം ആരോപിക്കുന്നു. ആരോപണമാകട്ടെ, യേശു പിശാചുകളുടെ തലവനെക്കൊണ്ട് പിശാചുക്കളെ പുറത്താക്കുന്നു എന്നതുമാണ്. അതിന് യേശു പറയുന്ന മറുപടി 25–ാം വാക്യത്തിൽ കാണുന്നു. രാജ്യത്തിന്റെയും, ഭവനത്തിന്റെയും എല്ലാം അടിസ്ഥാന ഗുണം കൂട്ടായ്മ ആണെന്നും അന്തഛിദ്രമെല്ലാത്തിനെയും ഇല്ലാതാക്കുന്നു എന്നും യേശു പഠിപ്പിക്കുന്നു.

ഈ വേദഭാഗത്തിന്റെ വെളിച്ചത്തിൽ ഒരു ഭവനത്തിന് ഉണ്ടായിരിക്കേണ്ട രണ്ടു ഗുണ വിശേഷങ്ങൾ നമുക്ക് ധ്യാനിക്കാം.

ഭവനത്തിന്റെ അടിസ്ഥാനമായിരിക്കേണ്ടത് കൂട്ടായ്മയുടെ അനുഭവമായിരിക്കണം. ഭവനത്തിലുള്ളവർ ഐക്യം ഉള്ളവരാകണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഐക്യം യാഥാർത്ഥ്യമാകുന്നതിന്റെ ലക്ഷണമാണ് കൂട്ടായ്മ. കൂട്ടായ്മ സാധ്യമായിത്തീരണമെങ്കിൽ ക്ഷമിക്കാൻ തയ്യാറാകണം. സ്വാർത്ഥതയും ഞാനെന്ന ഭാവവുമെല്ലാം വെടിഞ്ഞ സ്നേഹത്തിന്റെ ഇടമായി ഭവനമായിത്തീരണം. ഭവനത്തിൽ വ്യക്തികളെ തമ്മിൽ ബന്ധിപ്പിക്കുന്നത് പരസ്പരമുള്ള സ്നേഹബന്ധത്തിന്റെ ഊഷ്മളത ആയിരിക്കണം.

സ്നേഹത്തിന്റെ കൂട്ടായ്മ നിലനിൽക്കുന്നിടത്ത് പരസ്പര വിദ്വേഷമോ, പഴിചാരലോ ഒന്നും ഉണ്ടാകുകയില്ലായെന്ന് മാത്രമല്ല പരസ്പരം രമ്യതയുടെ അനുഭവത്തിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കപ്പെടും.

ഭവനത്തിന്റെ മറ്റൊരു അടിസ്ഥാനഗുണം പരസ്പര പൂരകമായ പ്രവർത്തനങ്ങൾ ഉണ്ടാകും എന്നതാണ്. മത്സരത്തിന് അവിടെ സ്ഥാനമില്ല എന്നത് ഓർക്കേണ്ടതാണ്. ഇതിന് പ്രധാനമായി ഉണ്ടാകേണ്ടത് പിടിവാശിയെ ഉപേക്ഷിച്ച് വിനയപ്പെടാനുള്ള മനോഭാവമായിരിക്കണം. മറ്റുള്ളവരെ സ്വീകരിക്കുവാനുള്ള മനോഭാവം ഉണ്ടായിരിക്കണം.

യേശുവിന്റെ കുരിശ് നൽകുന്ന ധ്യാനവും, സന്ദേശവും സർവ്വതും നേടിയെടുക്കുന്നതിൽ നിന്ന് വിട കൊടുക്കുവാനും, സ്വീകരിക്കുവാനുമുള്ള ആഹ്വാനമത്രെ.

ഭവനങ്ങളിലെ ഐക്യം നഷ്ടപ്പെട്ട് മത്സരത്തിന്റെ ഇടമായി പരിണമിക്കുന്ന ഇന്ന്, ഈ വേദഭാഗം പഠിപ്പിക്കുന്ന അടിസ്ഥാനഗുണങ്ങൾ സ്വീകരിക്കാൻ ഒരുങ്ങാം. സ്നേഹവും, ക്ഷമയുള്ളതും, വിനയത്തോടെ എല്ലാവരേയും സ്വീകരിക്കുന്നതുമായ കുടുംബങ്ങൾ ആയി നമ്മുടെ ഭവനങ്ങൾ തീരാൻ ശ്രമിക്കാം.

**പെന്തിക്കോസ്തിക്കുശേഷം 8 – ാം ഞായർ**
**ജൂലൈ 14**
**(മർക്കോ. 8:1 – 10)**

യോഹന്നാൻ സ്നാപകന്റെ വധത്തെക്കുറിച്ചുള്ള വാർത്ത കേട്ട ശിഷ്യന്മാരുടെ മനസ്സ് തളർന്നു എന്ന് മനസ്സിലാക്കിയ കർത്താവ് അവരുമായി ഗലീല കടലിന്റെ വടക്കുള്ള ബത്ത്സയിദ എന്ന സ്ഥലത്തുപോയി നിങ്ങൾ അല്പം വിശ്രമിച്ചുകൊൾവീൻ എന്ന് ശിഷ്യന്മാരോടു പറഞ്ഞു. എന്നാൽ യേശു അവിടെ ഉണ്ട് എന്നു മനസ്സിലാക്കിയ ജനം അവിടെ തടിച്ചുകൂടി. അവർക്ക് ഭക്ഷണം കഴിക്കുവാൻപോലും സമയം ഇല്ലായിരുന്നു. കർത്താവ് അവരെ ഉപദേശിച്ചും ദൈവരാജ്യത്തെക്കുറിച്ചു സംസാരിച്ചും രോഗികളെ സൗഖ്യമാക്കുകയും മൂന്നു ദിവസം വിശ്രമം ഇല്ലാതെ പ്രസംഗിച്ചു. പട്ടിണി ഇരിക്കുന്നവരെ കണ്ടു മനസ്സലിഞ്ഞു കരുണ കാണിക്കുന്ന ദൈവം അവർക്ക് തിന്നുവാൻ ഭക്ഷണവും മീനും ഒരുക്കികൊടുത്തു.

ലോക സംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ അനിശ്ചിതത്വവും അസ്ഥാലിപ്പുമാണുണ്ടാകുന്നത്. പ്രശ്നങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഏതു സമയത്തും എന്തും സംഭവിക്കാവുന്ന പൊട്ടിത്തെറിയുടെയും പിരിമുറക്കത്തിന്റെയും അന്തരീക്ഷമാണ് എല്ലായിടത്തും. ഈ സാഹചര്യത്തിൽ നമുക്ക് ഏതിൽ ആശ്രയിക്കാൻ കഴിയും. യെശയ്യാ പ്രവാചകൻ നൽകുന്ന വാഗ്ദാനം കരുണയുള്ളവൻ നിങ്ങളെ വഴി നടത്തും.

കണ്ണിൽ ചോരയില്ലാതെ സംസാരിക്കുകയും വേദനിപ്പിക്കുകയും ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്യുന്ന മനുഷ്യനുള്ള ഈ ലോകത്ത് മനുഷ്യൻ കരുണയ്ക്കുവേണ്ടി ദാഹിക്കുകയാണ്. തൊഴിൽ മേഖല, ഔദ്യോഗിക മേഖല, വിദ്യാഭ്യാസമേഖല, ആദ്ധ്യാത്മികരംഗം, രാഷ്ട്രീയമേഖല എവിടെയാണ് കരുണയുടെ അനുഭവം ലഭിക്കുന്നത്. എല്ലായിടത്തും ക്രൂരതയുടെ മുഖമാണ് വെളിപ്പെടുന്നത്. എന്നാൽ കരുണയും മനസ്സലിവുമുള്ള ഒരു കർത്താവ് നമുക്കുണ്ടെന്നത് ആശ്വാസപ്രദമാണ്. ഈ കർത്താവ് ജീവിത യാത്രയിൽ വഴിപിഴക്കാതെ അലഞ്ഞു തിരിയാതെയും നമ്മെ വഴി നടത്തുന്നവനാണ്. ജീവിത വഴിയിൽ കടഭാരത്താലും പ്രശ്നങ്ങളാലും വീർപ്പു മുട്ടുന്നവരുണ്ട്. ജീവിതത്തിൽ മുമ്പോട്ടു പോകുവാൻ വഴിയില്ലെന്ന് വിലപിക്കുന്നവർക്കു വഴിയുണ്ടാക്കാൻ ശക്തനാണ്. യിസ്രായേൽ ചെങ്കടൽ കണ്ട് വഴിമുട്ടി നിന്നപ്പോൾ വഴിയുണ്ടാക്കിയ കർത്താവ് ഗതിമുട്ടി അലയാൻ നിന്നെ അനുവദിക്കുകയില്ല. ജീവിതത്തിൽ വഴിമാത്രം പോരല്ലോ. ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ നൽകി നന്മകളാൽ പോഷിപ്പിക്കുന്നവനാണ് മനസ്സലിവുള്ള കർത്താവ്. അവൻ നിങ്ങൾക്കായി കരുതുന്നവനാണ് 40 വർഷം 6 ലക്ഷത്തിൽപരം യിസ്രായേൽ ജനത്തെ മരുഭൂമിയിൽ പാർപ്പിച്ചവൻ. ആവർ. 33:28 ധാന്യവും വീഞ്ഞുമുള്ള ദേശത്ത് യിസ്രായേൽ നിർഭയമായും യാക്കോബിൻ ഉറവ് തനിച്ചും വസിക്കുന്നു. ആകാശവും അവന് മഞ്ഞ് പൊഴിക്കുന്നു. നീ ഭാഗ്യവാൻ. എല്ലാ വഴികളിലും നമ്മയെ നടത്തുന്നവനാണ് കർത്താവ്.

കവിത

# പെന്തിക്കുസ്താ

ജയ്നമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

ഹൃത്തിലെ പാപം കഴുകിക്കളഞ്ഞ്
ഒരു മനസ്സോടെ പ്രാർത്ഥിക്കുവിൻ
ഉത്ഥിതൻ നിന്റെ മേൽ ഊതിടുമേ
പരിശുദ്ധ റൂഹാ നിറഞ്ഞിടുമേ
 സീനായിൽ, ഹോറെബിൽ, കാൽവറിയിൽ
 ലുദിയായിൻ, ശിഷ്യരിലായൊരു ദൈവമേ
 സ്വർഗ്ഗീയ ചൈതന്യ വാഗ്ദാനമേ
 എന്നെ, കഴുകി നിറയ്ക്കണമേ (2)
എന്നുടെ പാപം കഴുകിക്കൊണ്ട്
എന്നുടെ ഹൃത്തിൽ നിറഞ്ഞിടുക
ഈശനോടൊത്തുള്ള ജീവിതമേ
ആനന്ദമേ, പരമാനന്ദമേ
 ബലഹീന-പാത്രത്തെത്തേടിപ്പിടിച്ച്
 ലോകയിമ്പത്തിലിറക്കിവിട്ട്
 ഭിന്നപ്പിൻ വിത്തു വിതച്ചുകൊണ്ട്
 സാത്താൻ, നൃത്തം ചെയ്തിടുന്നു.
120 പേരെ ചേർത്തുകൊണ്ട്
മോശ, മലയിൽ ബലി കഴിച്ചു
120 പേർ ചേർന്നിരുന്ന്
റൂഹാ, അഭിഷേകം നേടിയല്ലോ
 മലയടിവാരത്തിൽ, 3000 പേർ കൊല്ലപ്പെട്ടു
 പെന്തിക്കോസ്തിയിൽ 3000 പേർ ക്രിസ്തുവിലായി
 ദൈവത്തിൻ കണക്കിന് അർത്ഥമുണ്ട്
 സംഖ്യകൾക്കെല്ലാം അർത്ഥമുണ്ട്
ഈശോയിൽ, ആത്മാവ്, പ്രാവായിറങ്ങി
ശിഷ്യരിൽ, ആത്മാവ്, തീയായിറങ്ങി
ഞാനൊരു, തീയായി മാറിടുവാൻ
പരിശുദ്ധ റൂഹാ, നിറയണമേ.
 ഈശന്റെ, ഐഹിക ജീവിതത്തിൽ
 സോദരർ, പോലും കുറ്റപ്പെടുത്തി
 ഉത്ഥിതനായി യേശുവിനുവേണ്ടി
 രക്തസാക്ഷിയായി, തീർന്നൊരു യാക്കോബ്
ബാബേലിൽ, ഭാഷകലക്കിയല്ലോ
പെന്തിക്കോസ്തിയിൽ ഭാഷ ചേർത്തുവല്ലോ
ഈ ലോക ജീവിതം ധന്യമാക്കാൻ
കർത്തനെ, എന്നെ വാരിപ്പുണരൂ!
 പരിശുദ്ധറൂഹാ, നിറഞ്ഞിടുമ്പോൾ
 നാവിലൂടെ പുറത്തു വരും
 ഹാല്ലേലുയ്യാ, സ്തുതി പാടിടുമ്പോൾ
 കേൾക്കുന്നവന് അഭിഷേകം കിട്ടിടുമേ
അന്ത്യ ലക്ഷണങ്ങൾ കണ്ടിടുന്നു
ദൈവത്തിൻ വാക്കു നിറവേറാനായി
ഭിന്നിപ്പിൻ ആത്മാവ് ഇറങ്ങിടുന്നു
സഭയും രാജ്യവും തമ്മിലടിക്കുന്നു
 ഭിന്നത, വെടിഞ്ഞു ജീവിച്ചീടാൻ
 ആശയുണ്ട്, ഈശനെ ആശയുണ്ട്
 ആരുമില്ല, ഈശനെ ആക്കമില്ല
 നിന്നുടെ കൃപ എന്നിലൊഴുക്കു!
ഞൊടിയിട്ട നേരത്തെ ഈ ലോകവാസം
വിട്ടു പിരിഞ്ഞു നാം പോയിടുമേ
സ്വർഗ്ഗീയ ജീവിതം ആസ്വദിക്കാൻ
ഈ ലോക ജീവിതം ക്രമപ്പെടുത്തു!

---

# നാടിന്റെ പുരോഗതിയിൽ വിദ്യാർത്ഥികൾ പങ്കാളികളാകണം മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത

ചിങ്ങവനം: വിദ്യാർത്ഥികൾ സമൂഹത്തോട് പ്രതിബദ്ധത ഉള്ളവരായിരിക്കണം. രാഷ്ട്രനിർമ്മാണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് അമൂല്യമാണ്. വിദ്യാർത്ഥികൾ ഭാവിയുടെ വാഗ്ദാനങ്ങൾ ആണ് എന്നും വലിയമെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു. ക്നാനായ സൺഡേ സ്കൂൾ സമൂഹത്തിന്റെ ആഭിമുഖ്യത്തിൽ ആഗോള ക്നാനായ സമുദായ വിദ്യാർത്ഥികളുടെ ഏകദിന ക്യാമ്പ് ചിങ്ങവനം ദയറാപള്ളിയിൽ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു.

ചടങ്ങിൽ ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ.മോനായി കെ. ഫിലിപ്പ് കർക്കടകം പള്ളി, ഫാ. ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ, ഫാ. ബിനോജ് കുറിയാക്കോസ് തുണ്ടിയിൽ, ഡീക്കൻ ജിജോ, ഡീക്കൻ ഹെന്റി, ഫാ. ജിനു കുരുവിള കിഴക്കേമുട്ടത്തിൽ, ഫാ. ജയിംസ് ജേക്കബ് തോടത്തിൽ, ഫാ. മാത്യു കുരുവിള എരുത്തിപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

# ഓണേഴ്സ് ബിരുദം: ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുതിയ ചുവടുവെയ്പ്പ്

**ഡോ. രോണി ജയിൻ രാജു**
**അസിസ്റ്റന്റ് പ്രൊഫസർ & റിസർച്ച് ഗൈഡ്, സെന്റ് തോമസ് കോളേജ് , റാന്നി**

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല അടിമുടി മാറുകയാണ്. ഈ അധ്യയന വർഷം മുതൽ ഓണേഴ്സ് ബിരുദം കേരളത്തിലെ കോളേജുകളിൽ ആരംഭിക്കുകയാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ ഓണേഴ്സ് പാഠ്യപദ്ധതിയെ പലരും സംശയത്തോടെ കാണുന്നത്. എന്നാൽ കുട്ടികൾക്ക് ഇത് നിശ്ചയമായും പ്രയോജനകരമാണ്.

ഓണേഴ്സ് പാഠ്യപദ്ധതി അനുസരിച്ച് ബിരുദം മാത്രം മതി എന്നുള്ള വിദ്യാർത്ഥികൾക്ക് മൂന്നാം വർഷം നിർത്തി, ബിരുദധാരിയാകാം. എന്നാൽ ഓണേഴ്സ് ബിരുദം വേണമെങ്കിൽ ഒരു വർഷംകൂടെ തുടരാം. നാലുവർഷ ബിരുദം (ഓണേഴ്സ്) പൂർത്തിയാക്കിയാൽ പിന്നീട് പി.ജി ഒരു വർഷം മാത്രം. പി.ജി. രണ്ടാം വർഷത്തിലേക്ക് നേരിട്ടു ലാറ്ററൽ എൻട്രി ലഭിക്കും. നാലാം വർഷ ഗവേഷണം തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദമില്ലാതെ നേരിട്ട് ഇന്ത്യയിലും വിദേശ സർവകലാശാലകളിലും പി.എച്ച്.ഡി. പ്രോഗ്രാമുകളിൽ ചേരാം. എന്നാൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് രണ്ടര വർഷംകൊണ്ട് ബിരുദവും മൂന്നര വർഷംകൊണ്ട് ഓണേഴ്സ് സമ്പാദിക്കാവുന്നതാണ്.

പുതിയ പാഠ്യപദ്ധതി അനുസരിച്ച് വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ സാധിക്കയും പുതിയ കാലത്തെ വിദ്യാർത്ഥികളുടെ അക്കാദമിക് – കരിയർ താല്പര്യങ്ങൾക്ക് അനുസരിച്ച് സ്വന്തം ബിരുദം രൂപ കല്പന ചെയ്യാൻ കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നു. പുതിയ രീതിയനുസരിച്ച് ഒരു വർഷം കഴിഞ്ഞോ രണ്ടുവർഷം കഴിഞ്ഞോ പഠനം നിർത്തുന്ന വിദ്യാർത്ഥിക്ക് കുറച്ച് കാലത്തിനുശേഷം തിരികെ വന്ന് പഠനം തുടരാൻ സാധിക്കും. നാലുവർഷ ബിരുദ കോഴ്സ് പൂർത്തിയാക്കാനുള്ള പരമാവധി കാലാവധി 7 വർഷമായിരിക്കും പഠിച്ച കോഴ്സുകൾക്ക് സമാനമായ കോഴ്സുകൾ രാജ്യത്ത് എവിടെയുള്ളതാണെങ്കിലും തുടർപഠനത്തിനായി തിരഞ്ഞെടുക്കാം. ഇതിനൊക്കെയുള്ള യോഗ്യത നിശ്ചയിക്കുന്നത്, വിദ്യാർത്ഥി പഠനകാലയളവിൽ നേടുന്ന ക്രെഡിറ്റുകളിലൂടെ ആണ്.

സാധാരണ ഗതിയിൽ ഏതെങ്കിലും ഒരു വിഷയത്തിൽ മൂന്ന് വർഷം പൂർത്തിയാക്കി ബിരുദം നേടുന്നതാണ് നിലവിലുള്ളരീതി. എന്നാൽ പുതിയ സമ്പ്രദായത്തിൽ പ്രധാന ഐച്ഛിക വിഷയത്തിൽ മേജർ ബിരുദവും തിരഞ്ഞെടുക്കുന്ന മറ്റു വിഷയങ്ങളിൽ മൈനർ ബിരുദങ്ങളും ഒരേ കോഴ്സിന്റെ ഭാഗമായി വിദ്യാർത്ഥിക്ക് ലഭിക്കും. കൂടാതെ ഡബിൾ മെയിൻ ഇന്റർ ഡിസിപ്ലിനറി മേജർ, മേജർവിത്ത് മൈനർ എന്നിങ്ങനെയും കോഴ്സുകൾ രൂപ കൽപന ചെയ്യാം.

ഐച്ഛിക വിഷയം ഏതായാലും ആദ്യത്തെ മൂന്ന് സെമസ്റ്ററുകളിൽ അടിസ്ഥാന കോഴ്സുകളാണ് പഠിക്കേണ്ടി വരിക. ഭാഷാപഠനം, നൈപുണ്യ വികസനം, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ, വിഷയാധിഷ്ഠിത ഫൗണ്ടേഷൻ കോഴ്സുകൾ എന്നിവയാണ് ഇവ. ആദ്യത്തെ രണ്ട് സെമസ്റ്ററുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക്, തന്റെ പ്രധാന ഐച്ഛിക വിഷയവും (മേജർ), മറ്റൊരു ഐച്ഛിക വിഷയവും (മൈനർ) തിരഞ്ഞെടുക്കാം. അടുത്ത മൂന്ന് സെമസ്റ്ററുകൾ പൂർണ്ണമായും മേജർ, മൈനർ വിഷയങ്ങളായിരിക്കും പഠിക്കേണ്ടി വരിക. ആകെ നേടിയ ക്രെഡിറ്റിൽ 50 ശതമാനം ഒരു പ്രത്യേക വിഷയത്തിൽ നേടിയാൽ മാത്രമേ ആ വിഷയത്തിൽ മേജർ ബിരുദം ലഭിക്കും. പുതിയ പാഠ്യപദ്ധതി



യുടെ ഏറ്റവും വലിയ പ്രത്യേകത കുട്ടികൾക്ക് വീട്ടിൽ ഇരുന്ന് Online ആയി വേണമെങ്കിൽ കോഴ്സുകൾ ചെയ്യാവുന്നതാണ്. Hybrid പഠനം കുട്ടികൾക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാൻ സഹായകരമാണ്. കുട്ടികളിലെ തൊഴിൽ ലഭ്യത കൂട്ടുന്നതിനുവേണ്ടി summer Internship കൾ പുതിയ പാഠ്യ പദ്ധതി മുമ്പോട്ട് വയ്ക്കുന്നു.

ബിരുദ ഓണേഴ്സ് പാഠ്യപദ്ധതി മാറുന്നതിനു പ്രധാനമായും അഞ്ച് കാരണമാണുള്ളത്. ആദ്യത്തേത് ആഗോള വിന്യാസമാണ്. വികസിത രാജ്യങ്ങളിൽ നിലവിലുള്ള നാലു വർഷത്തെ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാമുകൾ നമ്മുടെ മൂന്നു വർഷത്തെ പ്രോഗ്രാമുകളിൽ നിന്ന് വ്യത്യാസമുള്ളതാണ്. അതിനാൽ, ഇവിടെനിന്ന് ബിരുദം കഴിഞ്ഞ് വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തനായി പോകുന്ന കുട്ടികൾക്ക് പലപ്പോഴും അവസരം ലഭിക്കാതെ പോകുന്ന പ്രശ്നമുണ്ട്. അത് പരിഹരിച്ച് ഇവിടുത്തെ കോഴ്സും ആഗോള കോഴ്സിന്റെ അതേ കാലാവധിയിലേക്ക് മാറ്റുകയാണ്. ഇന്ത്യയിലെ പ്രധാന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIT കളിലും മറ്റും നാലു വർഷത്തെ പ്രോഗ്രാമുകൾ നിലവിലുണ്ട്.

രണ്ടാമത്തേത് നൈപുണ്യ വികസനമാണ്. പ്രായോഗികമായ അറിവുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികളെ തൊഴിലിൽ നിപുണരാക്കുകയാണ് ഉദ്ദേശിക്കുന്നത്. പഠനത്തിനുശേഷം വിദ്യാർത്ഥികൾക്ക് തൊഴിൽ ഉറപ്പാക്കലാണ് ലക്ഷ്യം.

മൂന്നാമതായി ഗവേഷണപാടവം ആണ്. ഇന്ത്യയിൽ ഗവേഷണത്തിനുള്ള മാനദണ്ഡം ബിരുദാനന്തരബിരുദം ആണ്. ഗവേഷണത്തിന് താല്പര്യമുള്ള ബിരുദം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പിന്നെയും രണ്ടുവർഷം ബിരുദാനന്തര ബിരുദത്തിനായി കാത്തുനിൽക്കണം. എന്നാൽ, നാലുവർഷ ബിരുദം നേടിക്കഴിഞ്ഞാൽ അവർക്ക് നേരെ ഗവേഷണത്തിന് ചേരാൻ സാധിക്കും.

നാലാമതായി തൊഴിൽക്ഷമതയാണ്. തൊഴിൽ മേഖലയ്ക്ക് ആവശ്യമായ തരത്തിൽ കരിക്കുലം പരിഷ്കരിച്ച് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നു. ഇവിടെ എന്തെങ്കിലും വൈദഗ്ധ്യം എന്നല്ല, പകരം കാലത്തിന് അനുയോജ്യമായ വൈദഗ്ധ്യം നൽകുക എന്നാണ്.

അഞ്ചാമതായി സമഗ്ര വിദ്യാഭ്യാസം നൽകുകയാണ് ലക്ഷ്യം. ഒരു വിഷയത്തിൽ മാത്രം സ്പെഷ്യലൈസ് ചെയ്ത് ബിരുദം കരസ്ഥമാക്കുന്നതിൽനിന്ന് വ്യത്യസ്തമായി ഒന്നിലേറെ വിഷയങ്ങളിൽ നൈപുണ്യം നേടുകയാണ് ഉദ്ദേശിക്കുന്നത്.

ഒരു വിജ്ഞാനാധിഷ്ഠിത സമൂഹമായി മാറുന്നതിനും വിജ്ഞാന സന്നദ്ധ വ്യവസ്ഥ സൃഷ്ടിക്കുന്നതിനുമുള്ള പ്രയാണത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാമിന്റെ അവതരണത്തോടെ ഇപ്പോൾ ഒരു സുപ്രധാന ചുവടുമാറ്റമാണ് നടക്കുന്നത്. കോളേജ് വിദ്യാഭ്യാസ രംഗത്തെ നൂതനമായൊരു കാൽവെപ്പായി ഓണേഴ്സ് ഡിഗ്രി പദ്ധതി വെളിച്ചം കാണുമ്പോൾ അത് ഇന്നത്തെ കുട്ടികൾക്ക് ആധുനിക ലോകക്രമത്തോടും തൊഴിൽ മേഖലയിൽ വന്ന മാറ്റങ്ങളോടു ഇണങ്ങിചേരാൻ സഹായകരമാകും എന്ന് പ്രത്യാശിക്കാം.

***(ഓണേഴ്സ് ബിരുദത്തെക്കുറിച്ച് കൂടുതൽ മനസിലാക്കാനും സംശയനിവാരണത്തിനും റാന്നി സെന്റ് തോമസ് കോളേജ് UG ( Honours) ഹെൽപ്പ് ഡെസ്ക് നമ്പർ 9447207273, 9496414518 വിളിക്കാവുന്നതാണ്.)***


# Nazareth Asramam, Othera

Donations Received
01/02/2024 to 31/05/2024

1. Aniamma Philip, Thundiyil, Kuttoor Rs. 5000
2. Jaimon Karipallil, Cherukulanji, Ranny Rs. 5000
3. Rohit Bency , Velamparampil, Aythala Rs. 4000
4. M C Kuriachen, Mangalaveetil, Aythala Rs. 5000
5. Sneha Thomas, Kottarathil, Thiruvalla Rs. 5000

**Smiju Jacob Mattakkattu**
Secretary, 9446079420

**To make your contributions :**
**Account Details**
M/s Nazareth Asramam Othera
A/c No: 17290100018264
Bank : Federal Bank Ltd.
Branch : Othera
IFSC : FDRL0001729
MICR Code : 689049203

nazareth2023@fbl


# യുവാക്കൾ സമൂഹത്തിനു മാതൃക:

## മന്ത്രി വീണാ ജോർജ്

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായപള്ളിയിൽ നടത്തപ്പെട്ട കലാസന്ധ്യ-2024 ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആരോഗ്യമന്ത്രി ശ്രീമതി വീണാ ജോർജ്. വികാരി ഫാ. ബിനോജ് കുറിയാക്കോസ് തുണ്ടിയിൽ അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, റാന്നിയുടെ മുൻ എം.എൽ.എ. രാജു ഏബ്രഹാം, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ബിനോയി ചെട്ടിപറമ്പിൽ, ഷിജു കുറുപ്പൻപറമ്പിൽ, ബൈജുമോൻ ചാക്കോ പുലയകുന്നിൽ, ടിഞ്ചു മണ്ണേട്ട്, ജിബിൻ കൊറ്റുചാലിൽ, ഷിനോദ് പ്ലാംകൂട്ടത്തിൽ, ജോബി പുറത്തയിൽ, ജോമോൻ വടക്കയിൽ, ജിബിൻ കരോട്ട് എന്നിവർ പ്രസംഗിച്ചു.




# സുരക്ഷിതത്വം

ഒരു കാട്ടാളൻ തന്റെ വലയുമായി മലയടിവാരത്തിൽ എത്തി. വേണ്ടവിധത്തിൽ വല ഒരുക്കിയ ശേഷം മറ്റു പ്രാവുകളെ ആകർഷിക്കുന്നതിന് താൻ മെരുക്കിയെടുത്ത പ്രാവുകളെ അതിൽ ബന്ധിക്കുകയും ചെയ്തു. പിന്നീട് അയാൾ മരച്ചുവട്ടിൽ മാറിയിരുന്നു.

അൽപ്പം കഴിഞ്ഞു. ഒരു പറ്റം കാട്ടുപ്രാവുകൾ വലയിട്ട സ്ഥലത്തെ പ്രാവുകളെ കണ്ടു പറന്നിറങ്ങി, അവ വലയിൽ കുടുങ്ങി പിടഞ്ഞു. സന്തോഷവാനായ കാട്ടാളൻ അവയെ പിടിക്കാൻ അടുത്തു ചെല്ലുകയായിരുന്നു.

അപ്പോൾ, ഒരു കാട്ടുപ്രാവ് ഇണക്കമുള്ള പ്രാവുകളെ നോക്കി പറഞ്ഞു. 'എന്നാലും സുഹൃത്തുക്കളേ! നാം ഒരേ വർഗ്ഗത്തിൽ പെട്ടവരല്ലേ? ഏതെങ്കിലും തരത്തിൽ ഒരു സൂചനയോ ഒരു താക്കീതോ നൽകിയിരുന്നുവെങ്കിൽ ഞങ്ങൾ ഈ ആപത്തിൽ അകപ്പെടാതെ രക്ഷപ്പെടുമായിരുന്നില്ലേ?'

'തീർച്ചയായും രക്ഷപ്പെടും! മെരുങ്ങിയ പ്രാവുകളിലൊന്നു മറുപടി പറഞ്ഞു. 'പക്ഷേ, സ്വന്തം വർഗ്ഗത്തിലുള്ളവരുടെ നന്ദിയോ സന്തോഷമോ നേടുകയെന്നതല്ല ഞങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനം; യജമാനനെ ധിക്കരിക്കാതെ, അദ്ദേഹത്തിന്റെ വിരോധത്തിനു പാത്രമാകാതെ ജീവിക്കുക എന്നതാണ്.'

***യജമാനപ്രീതിക്കുവേണ്ടി രക്തബന്ധങ്ങളെ വിസ്മരിക്കാനും സ്വവർഗ്ഗത്തിനെത്തന്നെ കരുതി കൊടുക്കാനും മടിക്കാത്തവരുണ്ട്.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**ലേവ്യ പുസ്തകം**
**ജൂൺ മാസത്തിലെ ചോദ്യങ്ങൾ**

1. ഏതു യാഗത്തിനാണ് പെണ്ണാടിനെ അനുവദിച്ചിരിക്കുന്നത്?
2. യഹോവയുടെ സന്നിധിയിൽനിന്നും തീ പുറപ്പെട്ടു ദഹിപ്പിച്ച പുരോഹിത പുത്രന്മാർ ആരെല്ലാം?
3. സകല ജഡത്തിന്റെയും ജീവാധാരം എന്ത്?
4. ഭോജനയാഗമായ വഴിപാടു കഴിക്കുമ്പോൾ വഴിപാട് എങ്ങനെയുള്ള മാവ് ആയിരിക്കണം?
5. എങ്ങനെയുള്ള മൃഗങ്ങളെയാണ് യിസ്രായേൽ മക്കൾക്ക് ഭക്ഷ്യയോഗ്യമായി യഹോവ കല്പിച്ചത്?
6. യിസ്രായേൽ മക്കൾ ഏതു ദിവസമാണ് പെസഹാ ആചരിക്കുന്നത്?
7. കൂടാര പെരുന്നാൾ തുടങ്ങുന്നതെന്ന്?
8. യിസ്രായേൽ മക്കളുടെ ഓരോ അമ്പതാമതു വർഷത്തിനും ഒരു പ്രത്യേക പേർ പറയുന്നു. പേരെന്ത്?
9. മോശയുടെ കാലത്ത് തിരുനാമത്തെ ദുഷിച്ചു ശപിച്ച ഒരു മനുഷ്യനെ കല്ലെറിഞ്ഞു കൊന്നു. അയാളുടെ അമ്മയുടെ പേരെന്ത്?
10. ഒരുവൻ മതിലുള്ള പട്ടണത്തിൽ ഒരു വീടു വിറ്റാൽ വിറ്റശേഷം അതു വീണ്ടും കൊള്ളുവാനുള്ള അവധി ഏത്?

**മെയ് മാസത്തിലെ ഉത്തരങ്ങൾ**


1. അഹറോൻ (പുറപ്പാട്: 4:27)
2. ഏലിശേബ (പുറപ്പാട്: 6:23)
3. 3 ദിവസം (പുറപ്പാട്: 10:22)
4. യോസേഫിന്റെ (പുറപ്പാട്: 13:19)
5. ശൂർ മരുഭൂമിയിൽ (പുറപ്പാട്: 15:22)
6. രെഫീദീമിൽ വെച്ച് (പുറപ്പാട്: 17:1-4)
7. ചെത്താത്ത കല്ല് (പുറപ്പാട്: 20:25)
8. ഖദിരമരം (പുറപ്പാട്: 25:10)
9. നൂൻ (പുറപ്പാട്: 33:11)
10. താമ്രത്തൊട്ടി (പുറപ്പാട്: 38:8)


# വില്പനയ്ക്ക്

കോട്ടയം- നാട്ടകം പഞ്ചായത്താഫീസിനോടടുത്ത് ഫോഷ് വീട് വില്പനയ്ക്ക്.

ചിങ്ങവനത്ത്- വ്യാപാര സ്ഥാപനം മുറി ഉൾപ്പെടെ വില്പനയ്ക്ക്.

**Ph. 8714310730**



*55th Wedding Anniversary*

**29 June 2024**

## Alexander K. John
## &
## Salikutty John

Kandakottu House
Ramamangalam

*Best Wishes From*
*Family And Friends*

Advt - O




## ആശംസകൾ

ക്ലീമിസ് സ്കൂൾ & ജൂനിയർ
കോളേജ് മാനേജരായി
നിയമിതനായ ക്നാനായ
സമുദായ വൈദിക ട്രസ്റ്റി
**ഫാ. എം.സി. സക്കറിയ
മധുരംകോട്ട്**



## അനുമോദനങ്ങൾ

മഹാത്മാ ഗാന്ധി സർവ്വകലാശാല
ബി.കോം (Finance and
Taxation) model II പരീക്ഷയിൽ
രണ്ടാം റാങ്ക് കരസ്ഥമാക്കിയ
**കൃപ സാജൻ**
(ക്രിസ്തു ജ്യോതി കോളേജ് )
കുറിച്ചി മാർ ഇഗ്നാത്യോസ് ക്നാനായ
പള്ളി ഇടവകയിൽ ചക്കാലയിൽ
(സാജ് കോ) സാജൻ സി .
ആൻഡ്രൂസിന്റെയും ബിന്ദു
സാജന്റെയും മകളാണ്

## ഇട്ടിയപ്പാറ കുരിശുപള്ളിയുടെ കൂദാശ



റാന്നി വലിയപള്ളിയുടെ ഏഴാമത് കുരിശുപള്ളിയായ
ഇട്ടിയപ്പാറ കുരിശുപള്ളിയുടെ കൂദാശയിൽ
**സമുദായ മെത്രാപ്പോലീത്ത
അഭി. കുറിയാക്കോസ് മോർ സേവേറിയോസ്
വലിയ മെത്രാപ്പോലീത്തായോടൊപ്പം**
വൈദികർ


ST. PETER'S KNANAYA CHURCH
KUWAIT
MANAGING COMMITTEE 2024 - 2025
VICAR
Rev. Fr.SIJIL JOSE
VILANGANPARA
VAKATHANAM
TRUSTEE
TIBY MATHEW
MELEKUTTU
MANNAMARUTHY
SECRETARY
SINU CHERIAN
MURIKOLIPUZHA
MANNAMARUTHY
COMMITTEE MEMBERS
SHEBEY THOMAS
KURUPPANPARAMBIL
ERAVIPEROOR
ANISH THOMAS
IKKATTU PUTHUVELIL
AYTHALA
ROBY THOMAS
PAZHAYATTU
THONIKADAVU
SHILLU THOMAS
KURUPPANPARAMBIL
ERAVIPEROOR
GOYAL KURIAKOSE
MEPURATHU
AYTHALA
TONY POTHEN
PUTHURETHU
MANNAMARUTHY
RENJU JACOB
OTTAPLAMOOTTIL
CHINGAVANAM
MAJO MATHEW
MELEL
OZHUVANPARA
NIBU K. JOSEPH
KIZHAKKETHIL
VALLAMKULAM
SINJU RAJU
MATTAKKATTU
OZHUVANPARA
MANOJ MARKOSE
PARACKUMEL
AYTHALA
MATHEW JAYS
VANIYADATHU
AYTHALA
AUDITORS
MATHEW ABRAHAM C
CHALUPARAMBIL
RANNI
CHESSY K CHERIAN
VENNUVILATHU ALUMOTIL
KALLISHERY
JITHU ABRAHAM
MANALITHARA
THENGELI
Advt - O

## 1–ാം ചരമവാർഷികം
20–06–2024



## Biju Skaria (Biju Vazhiyil)
Kochuparambil, Chingavanam

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## *3rd Birthday in Heaven*
11- 06 - 2024



## Kuruvilla Sabu
*(Retd. from Indian Air Force)*
Kappiyaruseril House, Trivandrum

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

Advt - O

## 3–ാം ചരമവാർഷികം
06–07–2024



## എം.എം. ഏലിയാസ്
മടുക്കുംമൂട്ടിൽ, പൂവൻതുരുത്ത്

"നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt -G

## 40–ാം ചരമദിനം
14–06–2024



## മറിയാമ്മ മാത്യു (കുഞ്ഞൂഞ്ഞമ്മ)
കൊട്ടാരക്കളത്തിൽ (ചക്രപുരയ്ക്കൽ), കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

ഭർത്താവ് പരേതനായ കെ.കെ. മാത്യു
മക്കൾ: ബിന്നി, ബിജു, ബിനു
മരുമക്കൾ: ലീനു, ഷിബി, ലോലി

Advt -S

## 40–ാം ചരമദിനം

19–06–2024



# Mariamma Thomas

Kuniyadathu, Mamangalam, Ernakulam

ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു
വിശ്വാസം കാത്തു ഇനിയും നീതിയുടെ
കിരീടം എനിക്കായി വച്ചിരിക്കുന്നു.

സന്തപ്ത കുടുംബാംഗങ്ങൾ

Advt -0

## 40th Day of Demise

09.06.2024



**Korah Chandy (Kunjunju)**

Retd. Hon. Flying Officer, Indian Air Force

**Edasseril, Thottamon, Ranny**

*A cherished soul, who embraced life with joy and kindness. Rest peacefully, your legacy lives on in our hearts.*

With love and prayers,
Kunjumol
Jays, Dr. Judy, Dr. Jefrey and Joslyn
Dr. Juney, Chandyson, Alisa and Jenisa
Joffey and Asha

Advt -G

സ്വർഗ്ഗതാതനൊപ്പം ഒരുവർഷം 12/06/2024



## ക്രിസ്റ്റാ ജെറിൻ

പച്ചംകുളത്ത്, കറ്റോട്

സന്തപ്ത കുടുംബാംഗങ്ങൾ

## കാത്തിരുപ്പ്

ഓർമ്മപ്പൂക്കളം വിടരുമ്പോഴൊക്കെയും
നമ്മളിൽ, തേങ്ങലുകളുയരുന്നു കടലായ്
യാമങ്ങൾ നിശയിലൂടിഴയുമ്പോഴും
ഉണ്മയെത്തിരയുന്നു, അക്ഷികളീറനോടെ

മാനത്തെ മണിമുത്തിനായ് കുഞ്ഞി–
ക്കൈനീട്ടും ഓമലിനെ വിലക്കും പോൽ,
ഹനിക്കുകയല്ലോ മമ വികാരങ്ങളേറും
മനതാരിനെ, പ്രത്യാശയാലെപ്പോഴും

മഹനീയൻ പരമാത്മാവൊരുക്കും
ഗേഹത്തിലെത്തിടാൻ, മഹിതലേ
കാഹളം കേട്ടീടാൻ കാതുകൂർപ്പിക്കവേ
ദേഹിയെ കരുതീടണേ പരം പൊരുളേ...

ബെന്നി മറ്റത്തിൽ, കുറ്റൂർ

Advt - S



## 40–ാം ചരമദിനം

**27- 06 - 2024**

# പി. ഓ. ജേക്കബ്
## (കുഞ്ഞ് – 87)
## കൈതാരം
## പുത്തൻ പീടികയിൽ
## വെണ്ണിക്കുളം

ഞങ്ങളുടെ വാത്സല്യ പിതാവ് കൈതാരത്ത് പുത്തൻ പീടികയിൽ പി. ഓ. ജേക്കബിന്റെ രോഗാവസ്ഥയിൽ സന്ദർശിക്കുകയും, പ്രാർത്ഥിക്കുകയും, ശവസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്ത ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, ഭവനത്തിൽ എത്തി പ്രാർത്ഥിച്ച കുറിയാക്കോസ് മോർ ഈവാനിയോസ് തിരുമേനി, യാക്കോബായ സുറിയാനി സഭയുടെ തുമ്പമൺ ഭദ്രാസനാധിപൻ യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനി, സിംഹാസന പള്ളികളുടെ അധിപൻ ഗീവർഗീസ് മോർ അത്താനാസിയോസ് തിരുമേനി (മഞ്ഞനിക്കര ദയറാ) എന്നീ പിതാക്കന്മാരോടും വൈദിക ശ്രേഷ്ഠരോടും, ക്നാനായ സുവിശേഷ സമാജം പ്രവർത്തകരോടും, എം.എൽ.എ. മാർ, ഗവ. ബോർഡ് ചെയർമാൻമാർ, പത്തനംതിട്ട ജില്ലാ പഞ്ചായത്തു പ്രസിഡന്റ്, രാജ്യസഭ മുൻ ഉപാധ്യക്ഷൻ, എക്സ്. എം.എൽ.എ. മാർ, ജില്ലാ പഞ്ചായത്തു മെമ്പർമാർ, ക്നാനായ സമുദായ സെക്രട്ടറി, കോയിപ്രം ബ്ലോക്ക് പഞ്ചായത്തു മെമ്പർമാർ, പുറമറ്റം ഗ്രാമപഞ്ചായത്തു മെമ്പർമാർ, പ്രവാസി സംസ്കൃതി സംസ്ഥാന ഭാരവാഹികൾ, മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ മെമ്പർമാർ, രാഷ്ട്രീയ, സംസ്കാരിക, സാമൂഹിക നേതാക്കൾ, ബന്ധുമിത്രാദികൾ, വെണ്ണിക്കുളം ഹൈസ്കൂളിലെ 1984 – ബാച്ചിലെ സഹപാഠികൾ, സ്നേഹം നിറഞ്ഞ നാട്ടുകാർ എന്നിവരോടും ഞങ്ങൾക്കുള്ള നിസ്സീമമായ നന്ദി അറിയിച്ചുകൊള്ളുന്നു.

**കൈതാരം കുടുംബാംഗങ്ങൾ**

Advt - O

Ever loving and Never Fading Memory of Our
Beloved Appachen, Amma, Kunjumon, Rajan and Mon

**Pulimoottil Ranni**

## 31st Death Anniversary
14-07-2024

## 36th Death Anniversary
15-06-2024



## Kunjamma Zachariah

## P.C. Zachariah

### 15th Death Anniversary
16-09-2024

### 6th Death Anniversary
20-08-2024

### 44th Death Anniversary
25-10-2024



## P.Z. Cherian (Kunjumon)



## P.S. Mathew (Rajan)



## Shajimon P. Zachariah

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

With Prayers, Sorrowing Family

Advt - O



**40-ാം ചരമദിനം**

4-06-2024

## THAMPY CHACKO

**Kavumpattu,
Palantharamalayil,
Eraviperoor**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭാര്യ*
*മക്കൾ, മരുമക്കൾ,*
*കൊച്ചുമക്കൾ*
*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**3-ാം ചരമവാർഷികം**

4-06-2024



**ശോശാമ്മ ഏബ്രഹാം**

**23-ാം ചരമവാർഷികം**

25-06-2024



**ചാക്കോ ഏബ്രഹാം
(തങ്കച്ചൻ)**

**16-ാം ചരമവാർഷികം**

14-06-2024



**കെ.എ. പുന്നൂസ്
(ജോയി)**

**കൊറ്റുചാലിൽ, ഇരവിപേരൂർ**

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

**6–ാം ചരമവാർഷികം**
13–06–2024

**37–ാം ചരമവാർഷികം**
03–05–2024




## കുഞ്ഞമ്മ ചാണ്ടി

## എം. യു. ചാണ്ടി

**മേപ്രത്ത്, അഞ്ചാനി, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*



**27–ാം ചരമവാർഷികം**
27–06–2024

## ലീലാമ്മ ബേബി

**മേപ്രത്ത്**

**അഞ്ചാനി, റാന്നി**

*ഓർമ്മിക്കാൻ ഒത്തിരി*
*സ്നേഹ വാത്സല്യവും*
*മറക്കാതിരിക്കുവാൻ*
*മാതൃകയും കാട്ടിത്തന്ന*
*അമ്മ എന്ന വലിയ സത്യം*

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt -O

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1-ാം ചരമവാർഷികം

20-06-2024



# T.O. Chacko (Aniyan)

### Thundiyil House, Eraviperoor

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ: **അമ്മിണി ചാക്കോ**

മക്കൾ: **ജിനു, പരേതയായ ജയമോൾ, ജിജി, ജോസുമോൻ**

മരുമക്കൾ: **ജേക്കബ്, ബിനോജ്, ലിനു**

കൊച്ചുമക്കൾ: **ആദിത്യ, അനന്യ, ആൻ, എബൽ, എയ്ഡൻ, എയ്റിൻ**

Advt - S

## 12-ാം ചരമവാർഷികം

15-06-2024



# ചിന്നമ്മ കുര്യൻ (കുഞ്ഞമ്മ)


### കുഴിപറമ്പിൽ സജിവില്ല, കറ്റോട്

'ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

*സണ്ണി, സുജി, സജി, തോമസ്, ജോയൽ*

Advt - O



## 4th Death Anniversary
## 11th July 2024

# Chev. P. Jacob Stephen

### Valanjanthuruthil

(2nd July 1922 - 11th July 2020)

"And those the Lord has rescued will return. They will enter zion with singing; everlasting joy will crown their heads. Gladness and joy will overtake them and sorrow and singing will flee away" Isaiah 35:10

A LION, WHO CONTINUES TO LIVE,
IN THE HEART OF THE BRAVE!!

Advt - S

**50–ാം ചരമവാർഷികം**
22–05–2024



**മാത്തൻ ഉലഹന്നാൻ**

**28–ാം ചരമവാർഷികം**
09–08–2024



**ശോശാമ്മ മാത്തൻ**

**4–ാം ചരമവാർഷികം**
02–06–2024



**ജിബുമോൻ കുറിയാക്കോസ്**

## വട്ടുകളത്തിൽ, തൃക്കോതമംഗലം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

**14–ാം ചരമവാർഷികം**
09–06–2024



**മറിയാമ്മ ചാക്കോ**
DOB : 21-04-1933

ഒരിക്കലും മരിക്കാത്ത ഓർമകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ.

**വേർപാടിന്റെ 11–ാം വാർഷികം**
05–07–2024



**Er. James K. Jacob**
**(Binumon)**
B.Tech, M.S.
DOB : 27-04-1987

**Kandathil Kaleeckal,**
**Thiruvanvandoor**

*2nd Death Anniversary*
12 - 08 - 2024



**K.O. CHACKO**
DOB : 10-07-1924
DOD : 12-08-2022

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 40–ാം ചരമദിനം

29–06–2024



## ശോശാമ്മ തോമസ് (85)

കറുകേലിൽ, തിരുവൻവണ്ടൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങളും
എല്ലാ പ്രിയപ്പെട്ടവരും

Advt - O

## 1–ാം ചരമവാർഷികം

25–06–2024



## അമ്മിണി ജേക്കബ്

വലിയപാറയിലായ കൊച്ചുപറമ്പിൽ, നീലംപേരൂർ
(കൈപ്പുഴ, റാന്നി)

'അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനെ
അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ
സൃഷ്ടിയെ നീ പുതുതാക്കണമെ"

സന്തപ്ത കുടുംബാംഗങ്ങളും
എല്ലാ പ്രിയപ്പെട്ടവരും

Advt - R

## *40th Day of Rememrance*

14 - 06 - 2024



## Ramani Thomas

Pazhayapeedikayil,
Mumbai

*Grieving Family*

Advt - O

## 10–ാം ചരമവാർഷികം

11–06–2024



## കെ.സി. ജേക്കബ്

കരിയിൽ, ചാന്നാനിക്കാട്

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 14-ാം ചരമവാർഷികം

28-06-2024 (5112-ാം ചരമദിനം)



Advt - R

# ജോമോൻ ജേക്കബ്

**കുന്നുംപുറത്ത്, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2-ാം ചരമവാർഷികം

08-06-2024



Advt -O

# സി. എം. ജോസഫ്

**കട്ടയിൽ, മൂലംകുളം, ചിങ്ങവനം**


സന്തപ്ത കുടുംബാംഗങ്ങൾ

## 21-ാം ചരമവാർഷികം

29-03-2024

## 9-ാം ചരമവാർഷികം

22-06-2024



Advt -O

# അച്ചാമ്മ ലൂക്കോസ്

# ഇ. റ്റി. ലൂക്കോസ്

**ഇടവഴിക്കൽ, ചിങ്ങവനം**

സന്തപ്ത കുടുംബാംഗങ്ങൾ

# Yoga - A tool for your wellbeing

**Yadhu Tony, Elappunkal, Thuruthicadu**

Can you imagine a world without tools? Think about a situation where you need to fix a screw without a screwdriver? Most people cannot even think about this in their wildest dream as they know that a simple tool like a screwdriver can make their life effortless. So, what if you are given with a tool which can make your entire life blissful that too irrespective of the situations you are in? Fortunately, we have a tool which was developed many millenniums ago and that is called 'Yoga'.

So, when you hear the word 'Yoga' what is the first thing that comes your mind? A lean guy doing some impossible postures by twisting and turning his body and in many cases, people might think how this man will come out of these postures. Well, I would say those impossible postures are a part of Yoga and that is not Yoga itself and we call those postures 'Yoga Asanas'.

Now what is Yoga? The word Yoga means 'Union'. Let me ask you this question - as you sit here as individuals, how do you know that you are an individual? The boundary of your sensation defines your individuality. In other words, we can say your sense of individuality is limited to the boundaries of your sensation.

Suppose you are sitting in front of a tree, do you think any transactions are happening between you and the tree? The transaction is like this - what a tree exhale you inhale and what you exhale a tree inhale. In other words, we can say a part of your lungs is hanging up there on the tree. If you experientially know this then nobody has to say you anything about the importance of a tree and so on. Similarly, every subatomic particle in your body is in constant transaction with everything else in this universe. If you understand this experientially then we say you are in 'Yoga', or such a person is referred to as a 'Yogi'.

Yoga is believed to have been transmitted 40,000-60,000 years ago by a Yogi we normally refer him as Adiyogi or Adiguru. Patanjali's 'Yoga Sutra' is considered to be the standard text for Yoga. In 'Yoga Sutra'

Patanjali has divided yoga into 8 limbs - "Ashtanga Yoga" is what it is called. Starting with 'Yama' and 'Niyama' which are the rules and regulations one must follow in life and then 'Asana'( which are the postures), 'Pranayama' (which is the breathing techniques) 'Prathyahara' (capacity to give and withdraw attention at short notice), Dharana, Dhyana, Samadhi - which are the higher levels of yoga where you fix your attention on certain object or you do nothing which finally culminates at Samadhi , a super conscious state, are the eight limbs of Yoga.



Though Yoga is primarily meant for spiritual progress, your body and mind also needs to be healthy to move towards the spirituality.

Now let's examine what is that we call a perfect state of wellbeing for a human being or in other words what is that people are constantly trying to achieve in their life. For the sake of understanding lets divide this human mechanism into four different aspects. Body, mind, emotions, and life energy.

So it's like this;

If your body feels pleasant, we call this health. If it becomes very pleasant, we call this pleasure.

If your mind becomes pleasant, we call this peace. If it becomes very pleasant, we call this joy.

If your emotions become pleasant, we call this love. If they become very pleasant, we call this compassion.

If your life energies become pleasant, we call this bliss. If it becomes very pleasant, we call this ecstasy.

Now if all these dimensions are very pleasant within you and around you, we call this success.

